بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 9

ലക്കം 17

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ഏപ്രിൽ 25/ ഹി.ശം 1403 ശഹാദത്ത് 25/1445 ശവ്വാൽ 15

## അല്ലാഹുവിന്റെ വചനം

وَعَدَ اللّٰہُ الۡمُؤۡمِنِیۡنَ وَ الۡمُؤۡمِنٰتِ جَنّٰتٍ تَجۡرِیۡ مِنۡ تَحۡتِہَا الۡاَنۡہٰرُ خٰلِدِیۡنَ فِیۡہَا وَمَسٰکِنَ طَیِّبَۃً فِیۡ جَنّٰتِ عَدۡنٍ ؕ وَ رِضۡوَانٌ مِّنَ اللّٰہِ اَکۡبَرُ ؕ ذٰلِکَ ہُوَ الۡفَوۡزُ الۡعَظِیۡمُ ﴿۷۲﴾

സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും താഴേരത്തുകൂടി അരുവികൾ ഒഴുകുന്ന ആരാമങ്ങൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. ശാശ്വതവാസത്തിനുള്ള ഉദ്യാനങ്ങളിൽ പരിശുദ്ധമായ താമസസ്ഥലങ്ങളും (അല്ലാഹു അവർക്കു വാഗ്ദാനം ചെയ്തിരിക്കുന്നു.) അല്ലാഹുവിൽനിന്നുള്ള പ്രീതിയാണ് എല്ലാത്തിലും മഹത്തരമായിട്ടുള്ളത്. അതുതന്നെയാണ് മഹത്തായ വിജയം. (വിശുദ്ധ ഖുർആൻ 9:72)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

**പറയുന്നതിലേക്ക് നോക്കുക. പറയുന്നവനിലേക്ക് ശ്രദ്ധിക്കാതിരിക്കുക എന്നത് സത്യമായ കാര്യമാണ്. ഈ രീതിയിൽ മനുഷ്യൻ സത്യം സ്വീകരിക്കുന്നതിൽനിന്ന് പിന്തള്ളപ്പെടുന്നു. ഉള്ളിന്റെയുള്ളിൽ അഹങ്കാരത്തിന്റെയും ഗർവിന്റേയും ഒരു ബീജം വളരാൻ തുടങ്ങുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

പറയുന്നതിലേക്ക് നോക്കുക. പറയുന്നവനിലേക്ക് ശ്രദ്ധിക്കാതിരിക്കുക എന്നത് സത്യമായ കാര്യമാണ്. ഈ രീതിയിൽ മനുഷ്യൻ സത്യം സ്വീകരിക്കുന്നതിൽനിന്ന് പിന്തള്ളപ്പെടുന്നു. ഉള്ളിന്റെയുള്ളിൽ അഹങ്കാരത്തിന്റെയും ഗർവിന്റേയും ഒരു ബീജം വളരാൻ തുടങ്ങുന്നു. എന്തുകൊണ്ടെന്നാൽ, ഇയാൾ വെറും സത്യത്തിന്റേയും സത്യസാക്ഷ്യത്തിന്റേയും അന്വേഷകനാണെങ്കിൽപ്പിന്നെ മറ്റുള്ളവരുടെ ദോഷങ്ങളുടെ എണ്ണമെടുക്കേണ്ട ആവശ്യമെന്താണ്?

ഉപദേശി തനിക്കുവേണ്ടി എന്തെങ്കിലുമൊരു കാര്യം എടുക്കുകയാണ്. എന്നാൽ, നിങ്ങൾക്ക് അതുകൊണ്ട് എന്താണ് ചേതം? നിങ്ങളുടെ യഥാർഥ ഉദ്ദേശ്യം സത്യം അന്വേഷിക്കലാണ്. ഇക്കൂട്ടർ അനവസരപരവും അസ്ഥാനപരവും പരസ്പര ബന്ധമില്ലാത്തതുമായ കാര്യങ്ങൾ പറയാൻ തുടങ്ങുമെന്നതിൽ സംശയമില്ല. നല്ല വർത്തമാനവും നല്ല ഉപദേശവും നടത്തുന്ന നേരത്ത് കാലംആവശ്യപ്പെടുന്ന കാര്യങ്ങൾ പറയുകയില്ല. സംബോധിതൻ അകപ്പെട്ടിരിക്കുന്ന രോഗങ്ങളെ കുറിച്ചും പ്രതിപാദിക്കുകയില്ല. പ്രത്യുത തന്റെ പ്രശ്നംതന്നെ വിവിധ വശങ്ങളിലൂടെ വിവരിക്കുകയാണ് ചെയ്യുന്നത്.

നബി(സ)തിരുമേനിയുടെ വിവരണരീതി ശ്രദ്ധിച്ചു നോക്കുകയാണെങ്കിൽ അവയെ ഉപദേശമെന്ന് പറയുമ്പോഴും ഒരു പ്രവർത്തന ക്രമം വരുന്നുണ്ട്. ഒരാൾ നബി(സ)തിരുമേനിയുടെ അടുത്തുവരുന്നു. ഏറ്റവും നല്ല നന്മയെന്താണെന്ന് ചോദിക്കുന്നു. ദാനശീലതയാണെന്ന് അവിടന്ന് അയാൾക്ക് മറുപടി നല്കുന്നു. മറ്റൊരാൾ വന്ന് അതേ ചോദ്യം ചോദിക്കുന്നു. മാതാപിതാക്കളെ സേവിക്കലാണെന്ന് അയാൾക്ക് മറുപടി കിട്ടുന്നു. മൂന്നാമൻ വന്ന് അതുതന്നെ ചോദിക്കുന്നു, അയാൾക്ക് മറ്റൊരു മറുപടിയാണ് കിട്ടുന്നത്. ചോദ്യം ഒന്നുതന്നെയാണ് എന്നാൽ, മറുപടി വിവിധതരത്തിലുള്ളതും. അധികമാളുകളും ഇവിടെയെത്തി വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. ക്രിസ്ത്യാനികളും ഇത്തരം ഹദീഥുകളിന്മേൽ വലിയ വലിയ ആക്ഷേപങ്ങൾ ഉന്നയിച്ചു. എന്നാൽ, ഹമുക്കുകൾ നബി(സ)തിരുമേനിയുടെ ഈ ഫലപ്രദവും അനുഗൃഹീതവുമായ ഉപദേശ രീതിയിലുള്ള മറുപടിയിൽ ചിന്തിച്ചില്ല.

ഇതിലുള്ള രഹസ്യം ഇതുതന്നെയാണ്. നബി(സ) തിരുമേനിയുടെ അടുക്കൽ എത്തരത്തിലുള്ള രോഗികളാണോ വന്നിരുന്നത് അവരുടെ രോഗശമനത്തിന് അനുയോജ്യമായ മറുപടിയാണ് അവിടന്ന് നല്കിയിരുന്നത്. ഉദാഹരണത്തിന് ഒരാളിൽ പിശുക്കിന്റെ ശീലമുണ്ടായിരുന്നു, അതുപേക്ഷിക്കാനുള്ള ഉത്തമമായ ഉപദേശമാണ് അവിടന്ന് നല്കിയത്. ഒരാൾ മാതാപിതാക്കളെ സേവിക്കുന്നുണ്ടായിരുന്നില്ല. എന്നല്ല അവരോടു കാഠിന്യത്തോടെ പ്രവർത്തിച്ചിരുന്നു. അവർക്ക് മാതാപിതാക്കളെ സേവിക്കാനുള്ള ഉപദേശമാണ് വേണ്ടിയിരുന്നത്.(മൽഫൂദാത്ത് വാല്യം 1, പേജ് 506, പ്രസാധനം 2018 ഖാദിയാൻ)

**സമ്പൂർണമായ ഈമാനുള്ളവൻ എന്നു പറയുന്നത് സകല പരീക്ഷണത്തിന്റേയും നാശത്തിന്റേയും നേരത്ത് ഉറച്ചിരിക്കുന്നവനാണ്. എന്നല്ല നാശങ്ങൾ വരുമ്പോൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കൂടുതൽ കുനിയുകയും തന്റെയുള്ളിൽ ആദ്യത്തേതിനെക്കാൾ കൂടുതൽ വിനയവും എളിമയും ഉണ്ടാക്കുകയും ചെയ്യുന്നു.**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: അല്ലാഹുവിൽനിന്നു വരുന്ന ശിക്ഷ അകാരണമായിട്ടായിരിക്കുകയില്ല. മനുഷ്യന്റെ സ്വന്തം മോശമായ പ്രവർത്തനത്താലാണ് അതുണ്ടാകുന്നത്. അല്ലാഹുവിനിഷ്ടം മനുഷ്യൻ പൂർണമായും അവനിലേക്ക് ശ്രദ്ധിക്കുന്നതാണ്. മനമില്ലാമനസ്സോടെയുള്ള അവന്റെ ആരാധന സ്വീകരിക്കപ്പെടുകയില്ല. സന്തോഷത്തിലും സന്താപത്തിലും അവനുമായുള്ള ബന്ധം ഉപേക്ഷിക്കാൻ പാടില്ല. ഉപേക്ഷിക്കുകയാണെങ്കിൽ അത്തരം ഈമാൻകൊണ്ട് ഒരു പ്രയോജനവുമില്ല. യാഥാർഥ്യമെന്തെന്നാൽ, മനുഷ്യനെ അല്ലാഹുവിന്റെ സമ്മാനങ്ങൾക്ക് അനന്തരാവകാശിയാക്കുകയും അവനെ ആത്മാർഥ സ്നേഹിതനാക്കുകയും ദൈവികാനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നവനാക്കുകയും ചെയ്യുന്ന ഈമാൻ എന്നു പറയുന്നത് എല്ലാ തരത്തിലുള്ള സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും പരിശുദ്ധവും അല്ലാഹുവിനോടുള്ള സ്നേഹമല്ലാതെ മറ്റൊന്നും ഇല്ലാതിരിക്കുകും ചെയ്യുന്ന ഈമാനാണ്. രണ്ടു വള്ളത്തിൽ കാലു വെക്കുന്ന മനുഷ്യനൊരിക്കലും രക്ഷപ്പെടുകയില്ലെന്ന് നമ്മുടെ രാജ്യത്തും ആളുകൾ പറയാറുണ്ട്. രണ്ടു വള്ളവും കുറച്ചുനേരംവരെ ഒന്നിച്ച് മുന്നോട്ടു നീങ്ങിയാലും അപ്പോഴും വെള്ളത്തിന്റെ ഒഴുക്ക് ഒരുനേരത്ത് അവനെ തീർച്ചയായും വേർപ്പെടുത്തുന്നതാണ്. ആ വള്ളങ്ങളിൽ കാലു വെക്കുന്ന മനുഷ്യൻ മുങ്ങിപ്പോകുക തന്നെ ചെയ്യും. ഇപ്രകാരം വായകൊണ്ടു അവനോടു സ്നേഹമുണ്ടെന്ന് വാദിക്കുകയും കർമപരമായ നിലയിൽ രാവുംപകലും ദുൻയാവിന്റെ മേൽ വീണുകിടക്കുകയും ദൈവകൽപ്പനകളെ പിൻപുറം തള്ളിക്കളയുകയും ചെയ്യുന്നവനോടു അല്ലാഹുവും

(ശേഷം പേജ് 12 ൽ)

## തിരുനബിയുടെ തിരുമൊഴികൾ

### നമസ്കാരത്തിൽ സ്വഫ് നേരെയാക്കൽ:

ഹദ്റത്ത് നുഅ്മാൻ ബിൻ ബശീർ(റ) വിവരിക്കുന്നു, ഞാൻ നബി(സ)തിരുമേനിയിൽനിന്ന് കേട്ടു:അവിടന്ന് പറയുമായിരുന്നു, നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ നേരെയാക്കി വെക്കുക. അങ്ങനെ നിങ്ങൾ ചെയ്തില്ലെങ്കിൽ(ഫലമെന്നോണം) നിങ്ങളുടെ മുഖങ്ങളിലും ഹൃദയങ്ങളിലും അല്ലാഹു ഭിന്നിപ്പിന്റെ ബീജം ഇടുന്നതാണ്. (ബുഖാരി കിതാബുസ്സ്വലാത്ത്)

ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു. നമസ്കാരം തുടങ്ങിക്കഴിഞ്ഞാൽ ഫർളല്ലാത്ത മറ്റൊരു നമസ്കാരവും അനുവദനീയമല്ല. (മുസ്‌ലിം കിതാബുസ്സ്വലാത്ത്)

### ദന്തശുദ്ധീകരണവും അതിന്റെ ശ്രേഷ്ഠതയും

ഹദ്റത്ത് ആഇശ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ദന്തശുദ്ധി വരുത്തൽ മുഖത്തിന്റെ പരിശുദ്ധിക്കും അല്ലാഹുവിന്റെ തൃപ്തിക്കും നിമിത്തമാണ്(നസാഇ)

### വിവാഹാവസരത്തിലെ ഡാൻസും പാട്ടും

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: വിവാഹാവസരങ്ങളിൽ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പാട്ടുപാടുക അനുവദനീയമാണ്. എന്നാൽ, അത് ഉപദ്രവമുണ്ടാക്കാത്തതോ മതപരമോ ആയിരിക്കേണ്ടതാണ്. (അൽഫള്ൽ 1945 ജനുവരി 20)




### ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ 2023 മാർച്ച് 22 (സമ്പൂർണ തർജമ)

അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം

സുപ്രധാന അറിയിപ്പുകൾ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

☐ ഈ സമയത്ത് വിശുദ്ധഖുർആനാകുന്ന ആയുധം കൈയിലെടുക്കുവിൻ! എങ്കിൽ നിങ്ങൾക്ക് വിജയമുണ്ട്. ഈ പ്രകാശത്തിനുമുമ്പിൽ ഒരു അന്ധകാരവും നിലനിൽക്കുന്നതല്ല.(ഹദ്റത്ത് മസീഹ് മൗഊദ്(അ))

☐ ഈ മഹത്ത്ഗ്രന്ഥത്തെ തന്റെ പ്രവർത്തനരൂപരേഖയാക്കി, അതനുസരിച്ച് പ്രവർത്തിക്കുകയും തന്റെ ഇഹപരലോകങ്ങൾ നന്നാക്കുകയും ചെയ്തവൻ സൗഭാഗ്യവാൻ; സത്യത്തെ മുറുകെപിടിക്കുകയും സത്യത്തിൽ നിലകൊള്ളുകയും ചെയ്യുവിൻ. അപ്പോൾപ്പിന്നെ അല്ലാഹുവിന് തന്റെ ദാസന്മാരോടുള്ള സ്നേഹപരമായ പെരുമാറ്റത്തിന്റെ ദൃശ്യങ്ങളും കാണുന്നതായിരിക്കും.

☐ റമളാനിൽ നോമ്പെടുക്കുകയും ഫർള് നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുകയും കുറച്ച് നഫ്ലുകൾ അനുഷ്ഠിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം റമളാനോടുള്ള കടമ നിറവേറ്റപ്പെടുകയില്ല. മറിച്ച് വിശുദ്ധഖുർആൻ പഠിക്കുകയും അതിന്റെ കല്പനകൾ അന്വേഷിച്ച് അതനുസരിച്ച് പ്രവർത്തിക്കേണ്ടതും വളരെ അനിവാര്യമാകുന്നു.

☐ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഖുർആനികജ്ഞാനം കരസ്ഥമാക്കാനും അതിന്റെ അനുഗ്രഹങ്ങളിൽനിന്ന് പ്രയോജനപ്പെടുന്ന അനുഗ്രഹം തേടാനുമുള്ള വഴികൾ കണ്ടെത്താൻ നിരവധി പാഠങ്ങളും ലിഖിതങ്ങളും നമുക്കു തന്നുപോയിട്ടുണ്ട്. അത് പാരായണം ചെയ്യുകയും പ്രാവർത്തികമാക്കുകയും ചെയ്യുമ്പോഴാണ് നമ്മൾ ശരിയായ നിലയിൽ വിശുദ്ധഖുർആനിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നവരായിത്തീരുന്നത്.

☐ വിശുദ്ധഖുർആൻ പാരായണത്തിന്റെ പ്രാധാന്യത്തെ കുറിച്ചും പറയാനുണ്ട്. ഇതുവളരെ അനിവാര്യമായ കാര്യമാകുന്നു. ഇത് റമളാനിൽ ഓരോരുത്തരും നിർബന്ധമായും ചെയ്തിരിക്കണം. ചുരുങ്ങിയത് ഒരു ജുസുഅ് ദിവസവും പാരായണം ചെയ്യണം. അങ്ങനെ റമളാനിൽ വിശുദ്ധഖുർആൻ ഒരു തവണയെങ്കിലും ഓതി പൂർത്തിയാക്കേണ്ടതാണ്.

☐ 'നമ്മുടെ ജമാഅത്ത് വിശുദ്ധഖുർആന്റെ പ്രവൃത്തിയിലും ചിന്തയിലും ഹൃദയാത്മനാ മുഴുകേണ്ടതാണ്.'(ഹദ്റത്ത് മസീഹ് മൗഊദ്(അ))

☐ 'നിഷേധികൾക്കുമേൽ നമ്മുടെ ഈ ന്യായപൂർത്തിയും വന്നുകഴിഞ്ഞിരിക്കുന്നു. വിശുദ്ധഖുർആൻ വൈജ്ഞാനികതലങ്ങളിൽ ഉന്നതിയുടെ പരമമായ തലങ്ങളിലേക്ക് എത്തിക്കുന്നതുപോലെതന്നെ കർമപരമായ തലങ്ങളുടെ പരിപൂർണതയും അതുമുഖേന ലഭ്യമാക്കുന്നു. അല്ലാഹുവിന്റെ പ്രഭാവങ്ങളും പ്രകാശവും സ്വീകാര്യതയും ആ മഹത്തുക്കളിൽ വെളിപ്പെട്ടുകൊണ്ടിരുന്നു. ഈ പരിശുദ്ധഗ്രന്ഥത്തെ പിന്തുടരുന്നവരിൽ ഇപ്പോഴും അത് വെളിപ്പെട്ടുകൊണ്ടിരിക്കുന്നു.'(ഹദ്റത്ത് മസീഹ് മൗഊദ്(അ))

☐ 'വിശുദ്ധഖുർആനു വിധേയമായി നടക്കന്നവർക്ക് മാത്രമേ വിജയം ലഭിക്കുകയുള്ളു.'(ഹദ്റത്ത് മസീഹ് മൗഊദ്(അ))

☐ 'മുസ്‌ലിമീങ്ങൾ വിശുദ്ധഖുർആനിലേക്ക് തിരിയാത്തിടത്തോളം അവരിൽ ഈമാൻ ഉണ്ടാവുകയോ ആരോഗ്യം വീണ്ടെടുക്കുകയോ ചെയ്യുന്നതല്ല. നേരത്തെ വന്ന അതേ മാർഗ്ഗത്തിലൂടെ മാത്രമെ അന്തസും ആഭിജാത്യവും കൈവരികയുള്ളു.'(ഹദ്റത്ത് മസീഹ് മൗഊദ്(അ))

☐ 'ഓർക്കുക, വിശുദ്ധഖുർആൻ യഥാർഥ അനുഗ്രഹങ്ങളുടെ ഉറവിടവും മോക്ഷത്തിന്റെ സത്യസന്ധമായ മാർഗവുമാകുന്നു.' (ഹദ്റത്ത് മസീഹ് മൗഊദ്(അ))

☐ 'നിശ്ചയമായും ഓർത്തുകൊള്ളുക! സത്യഹൃദയത്തോടെ അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ പരിശുദ്ധ ഗ്രന്ഥമനുസരിച്ച് പ്രവർത്തിക്കുകയും നബി(സ)തിരുമേനിയെ അനുസരിക്കുകയും ചെയ്യുന്നയാൾക്ക് അല്ലാഹു അനന്തമായ അനുഗ്രഹങ്ങളിൽനിന്ന് പങ്കുനൽകുന്നതാണ്. അയാൾക്ക് നൽകപ്പെടുന്ന അനുഗ്രഹങ്ങൾ ഭൗതിക അനുഗ്രഹങ്ങളേക്കാളും വളരെയേറെ ഔന്നത്യമുള്ളതായിരിക്കും. അതിലൊന്ന് പാപപ്പൊറുതിയാകുന്നു.'(ഹദ്റത്ത് മസീഹ് മൗഊദ്(അ))

☐ വിശുദ്ധഖുർആൻ പാരായണം ചെയ്യുക, റമളാനിൽ അതിന്റെ ശീലമുണ്ടാക്കുക, പിന്നെ സ്ഥിരമായി ജീവിതത്തിന്റെ ഭാഗമാക്കുക, പിന്നീട് അതിന്റെ അധ്യാപമനുസരിച്ച് പ്രവർത്തിക്കുന്നവരുമാകുക.

☐ 'വിശുദ്ധഖുർആനല്ലാതെ സമ്പൂർണവും എല്ലാ കാര്യങ്ങളും അടങ്ങിയതുമായ ഒരു ഗ്രന്ഥവുമില്ല. അതിനെ പൂർണമായും അനുസരിക്കാതെയും നബി(സ)തിരുമേനിയെ പിന്തുടരാതെയും മോക്ഷം പ്രാപിക്കുക സാധ്യമല്ല. വിശുദ്ധഖുർആനിൽ ഏറ്റുക്കുറച്ചിൽ വരുത്തുന്നവനും നബി(സ)തിരുമേനിയുടെ അനുസരണമാകുന്ന നുകം തന്റെ കഴുത്തിൽനിന്ന് ഇറക്കിവെക്കുന്നവനും മതനിഷേധിയും(കാഫിറും) മതനിരാസനുമാണെന്ന്(മുർത്തദ്ദും) ഞാൻ ഉറച്ചുവിശ്വസിക്കുന്നു.'(ഹദ്റത്ത് മസീഹ് മൗഊദ്(അ))

☐ നിസംശയം ഇതു സത്യസന്ധമായ കാര്യമാണ്, ആരെങ്കിലും പശ്ചാത്തപിച്ചുകൊണ്ട് പത്തുദിവസമെങ്കിലും ഖുർആനിക ഇംഗിതമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ തന്റെ ഹൃദയത്തിൽ ഒരു പ്രകാശം ഇറങ്ങുന്നതായി കാണുന്നതാണ്. ഇസ്‌ലാമിന്റെ ഈ സവിശേഷതപരീക്ഷണങ്ങൾ ഇല്ലാതെയുള്ളതല്ല. അതായത് ഇതൊരു പരീക്ഷണമെന്ന നിലയ്ക്കല്ല. മറിച്ച് നൂറുക്കണക്കിന് പരിശുദ്ധാത്മാക്കൾ ഈ മാർഗത്തിലൂടെ അനുഗ്രഹം സിദ്ധിച്ചവരാണ്.(ഹദ്റത്ത് മസീഹ് മൗഊദ്(അ))

☐ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാനത്തിന്റേയും മാർഗദർശനങ്ങളുടേയും വെളിച്ചത്തിൽ വിശുദ്ധ ഖുർആന്റെ അനുഗ്രഹങ്ങളുടേയും സ്ഥാനത്തിന്റേയും നിലയുടേയും മഹത്വത്തിന്റേയും വിവരണം

☐ അനുഗൃഹീത റമളാൻ മാസത്തിൽ വിശുദ്ധ ഖുർആൻ കുറഞ്ഞത് ഒരു ജുസു തിലാവത്തു ചെയ്യുക.

☐ ഫലസ്തീനിലേയും സുഡാനിലേയും യുദ്ധത്തിന്റെ കെടുതിയിൽനിന്ന് രക്ഷപ്പെടുന്നതിന്, മറ്റു മുസ്‌ലിം രാജ്യങ്ങൾക്കുവേണ്ടി പൊതുവേയും പാക്കിസ്താനിലും യമനിലും തടവിൽ കഴിയുന്ന അഹ്മദികളുടെ മോചനത്തിനുവേണ്ടി പ്രത്യേകിച്ചും ദുആ ചെയ്യുക.

☐ ബഹുമാന്യരായ ഡോക്ടർ ളഹീറുദ്ദീൻ മൻസ്വൂർ അഹ്മദ് സാഹിബ് അമേരിക്ക, ഹസൻ ആബ്ദീൻ ആഗാ സാഹിബ് കനഡ, ഉഥ്മാൻ ഹുസയ്ൻ മുഹമ്മദു ഖയ്ർ സാഹിബ് സുഡാൻ, മുഹമ്മദ് സുഹ്റാവി സാഹിബ് അൽജീരിയ, സയീദ് അഹ്മദ് വഡാഇച്ച് സാഹിബ് റബ്‌വാ, ശഹ്ബാസ് ഗോൻദൽ സാഹിബ് ഹോളണ്ട് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2024 മാർച്ച് 22/1403 അമാൻ 22**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ۬ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

شَهْرُ رَمَضَانَ الَّذِيْۤ اُنْزِلَ فِيْهِ الْقُرْاٰنُ هُدًى لِّلنَّاسِ وَبَيِّنٰتٍ مِّنَ الْهُدٰى وَالْفُرْقَانِ ۚ فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ ؕ وَمَنْ كَانَ مَرِيْضًا اَوْ عَلٰى سَفَرٍ فَعِدَّةٌ مِّنْ اَيَّامٍ اُخَرَ ؕ يُرِيْدُ اللّٰهُ بِكُمُ الْيُسْرَ وَلَا يُرِيْدُ بِكُمُ الْعُسْرَ ۫ وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللّٰهَ عَلٰى مَا هَدٰىكُمْ وَلَعَلَّكُمْ تَشْكُرُوْنَ ﴿۱۸۶﴾

ഈ ആയത്തിന്റെ തര്‍ജമ ഇപ്രകാരമാകുന്നു:

സമസ്ത മനുഷ്യര്‍ക്കും സന്മാര്‍ഗദായകവും മാര്‍ഗദര്‍ശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകള്‍ ഉള്‍ക്കൊള്ളുന്നതുമായ ഖുര്‍ആന്‍ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാന്‍. അതുകൊണ്ട് നിങ്ങളില്‍ ആരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാല്‍ അയാള്‍ അതില്‍ (മാസത്തില്‍) വ്രതമനുഷ്ഠിക്കട്ടെ. എന്നാല്‍, നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റുദിവസങ്ങളില്‍ പൂര്‍ത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങള്‍ക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവന്‍ നിങ്ങള്‍ക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങള്‍ എണ്ണം പൂര്‍ത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാര്‍ഗത്തിലാക്കിയതിന് നിങ്ങള്‍ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങള്‍ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു.(2:186)

ഈ ആയത്തില്‍ അല്ലാഹു റമളാന്‍ മാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി പറയുന്നു. ഈ മാസത്തിലാണ് വിശുദ്ധഖുര്‍ആന്‍ അവതരിപ്പിക്കപ്പെട്ടത്. അത് മനുഷ്യന് ഒരു മഹത്തായ സന്മാര്‍ഗമാകുന്നു.

അല്ലാഹു ഈ ഗ്രന്ഥത്തില്‍ എല്ലാ കാര്യങ്ങളും വലയംചെയ്തുകൊണ്ടും എല്ലാ സന്മാര്‍ഗവും നല്‍കിക്കൊണ്ടും മനുഷ്യനെ അവനിലേക്ക് മുന്നേറാനുള്ള എല്ലാ വഴികളും കാണിച്ചുതരികയും ശയ്ത്വാന്റെ സകലവഴികളേയും സംബന്ധിച്ച് ജാഗ്രതപ്പെടുത്തുകയും ചെയ്തിരിക്കുന്നു. നിലവിലുള്ളതും വരാനിരിക്കുന്നതുമായ എല്ലാ കാര്യങ്ങളിലേക്കും മാര്‍ഗദര്‍ശനവും നല്‍കി. നിരീശ്വരത്വത്തെ നേരിടാനും ബഹുദൈവാരാധനയെ സംബന്ധിച്ച് ജാഗ്രത പുലര്‍ത്താനും അതില്‍നിന്ന് രക്ഷപ്പെടാനുമുള്ള മാര്‍ഗങ്ങളെപറ്റി പാഠങ്ങള്‍ നല്‍കുകയും ചെയ്തിട്ടുണ്ട്. ചുരുക്കത്തില്‍ ഇപ്പോള്‍ ഉള്ളതും, കഴിഞ്ഞ കാലത്ത് ഉണ്ടായിരുന്നതും ഭാവിയില്‍ ഉണ്ടാകാനുള്ളതുമായ എല്ലാ കാര്യങ്ങളും വിശുദ്ധഖുര്‍ആനില്‍ വിവരിച്ചിരിക്കുന്നു. അങ്ങനെ അല്ലാഹുവുമായുള്ള ബന്ധം അഭിവൃദ്ധിപ്പെടുത്താനും സന്മാര്‍ഗ്ഗത്തില്‍ നിലകൊള്ളാനുമുള്ള സകല വഴികളും ഈ അവസാനത്തെ സമ്പൂര്‍ണവും തികവുറ്റതുമായ ന്യായപ്രമാണത്തില്‍ വിവരിച്ചിരിക്കുന്നു. അതിനാല്‍ ഈ മഹത്ത്ഗ്രന്ഥത്തെ തന്റെ പ്രവര്‍ത്തനരൂപരേഖയാക്കി, അതനുസരിച്ച് പ്രവര്‍ത്തിക്കുകയും തന്റെ ഇഹപരലോകങ്ങള്‍ നന്നാക്കുകയും ചെയ്തവന്‍ സൗഭാഗ്യവാന്‍; സത്യത്തെ മുറുകെപിടിക്കുകയും സത്യത്തില്‍ നിലകൊള്ളുകയും ചെയ്യുവിന്‍. അപ്പോള്‍പ്പിന്നെ അല്ലാഹുവിന് തന്റെ ദാസന്മാരോടുള്ള സ്നേഹപരമായ പെരുമാറ്റത്തിന്റെ ദൃശ്യങ്ങളും കാണുന്നതായിരിക്കും.

ഇതാണ് റമളാന്‍ മാസത്തിന്റെ പ്രാധാന്യം. അതായത് അല്ലാഹു ഈ മാസത്തില്‍ സമ്പൂര്‍ണ ശരീഅത്ത് നമുക്ക് ഇറക്കിത്തന്നു. ഈ ഗ്രന്ഥത്തില്‍ നോമ്പ് നിര്‍ബന്ധമാക്കുകയും ഇബാദത്തുകളുടെ രീതികള്‍പഠിപ്പിച്ചുതരികയും ചെയ്തിരിക്കുന്നു.

നമ്മള്‍ ആ സമ്പൂര്‍ണ മാര്‍ഗദര്‍ശനത്തെപ്പറ്റി അറിവ് കരസ്ഥമാക്കാത്തിടത്തോളം പിന്നീട് അത് നമ്മുടെ ജീവിതത്തിന്റെ മാര്‍ഗദര്‍ശനമാണെന്ന് മനസ്സിലാക്കി പ്രവര്‍ത്തിക്കാത്തിടത്തോളം, റമളാന്‍ മാസത്തിന്റെ പ്രാധാന്യം അതില്‍ നോമ്പ് നിര്‍ബന്ധമാക്കപ്പെട്ടുവെന്നും വിശുദ്ധ ഖുര്‍ആന്‍ ഇറങ്ങിയെന്നും മാത്രം മനസ്സിലാക്കിയാല്‍ മതിയാകുകയില്ല.

നമ്മള്‍ അഹ്മദികള്‍ സൗഭാഗ്യവാന്മാരാകുന്നു. കാരണം നമുക്ക് നബി(സ)തിരുമേനിയുടെ സത്യദാസനായ വാഗ്ദത്ത മഹ്ദി മസീഹ്(അ) അതേക്കുറിച്ചുള്ള അവബോധം നല്‍കിയിരിക്കുന്നു. അതിനാല്‍ അതിനുവേണ്ടി നമ്മള്‍ ആ മഹാത്മാവിന്റെ ഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും പഠിക്കേണ്ടതായിട്ടുണ്ട്. അപ്പോഴാണ് ഈ മഹത്തായ ദൈവവാണികളേയും സന്മാര്‍ഗ്ഗത്തേയും മനസ്സിലാക്കിക്കൊണ്ട് നമുക്ക് അതനുസരിച്ച് പ്രവര്‍ത്തിക്കാന്‍ കഴിയുകയുള്ളൂ.

നാളെ മസീഹ് മൗഊദ് ദിനവുമാണ്. അതില്‍ നമ്മള്‍ കൃത്യമായ യോഗങ്ങളും മറ്റും നടത്തുകയും ചെയ്യുന്നു. നബി(സ)തിരുമേനിയുടെ പ്രവചനവും, ദൈവിക വാഗ്ദാനവും അനുസരിച്ചുള്ള മസീഹ് മൗഊദിന്റെ ആഗമനത്തെപ്പറ്റി വിവരിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. പക്ഷേ, ഈ പരിധിവരെ മാത്രം ഈമാന്‍ വര്‍ധിച്ചാല്‍ പോരാ. മറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്ക് വിശുദ്ധഖുര്‍ആന്റെ ഖജനാവ് നല്‍കിയിരിക്കുന്നു. അത് പഠിക്കുകയും പ്രാവര്‍ത്തികമാക്കുകയും ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യേണ്ടതും അനിവാര്യമാകുന്നു. അതുകൂടാതെ നമ്മുടെ വിശ്വാസം പൂര്‍ണമാകുന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്‍കിയ തിരിച്ചറിവെന്തെന്നാല്‍ അല്ലാഹു തന്റെ റഹ്മാനിയ്യത്ത് (പരമകാരുണികത) എന്ന സവിശേഷ ഗുണത്താല്‍ നബി(സ)തിരുമേനിക്ക് വിശുദ്ധഖുര്‍ആനാകുന്ന മഹത്ത്ഗ്രന്ഥം ഇറക്കിക്കൊണ്ട് നമുക്കുമേല്‍ വലിയ ഔദാര്യം ചെയ്തിരിക്കുന്നു. ഇനി അതില്‍നിന്ന് അനുഗ്രഹം കരസ്ഥമാക്കി, അതിനെ ജീവിതത്തിന്റെ ഭാഗമാക്കേണ്ടത് നമ്മുടെ കര്‍ത്തവ്യമാകുന്നു. അതുകൊണ്ട് ഇക്കാര്യത്തില്‍ നമ്മുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

റമളാനില്‍ നോമ്പെടുക്കുകയും ഫര്‍ള് നമസ്കാരങ്ങള്‍ കൃത്യമായി അനുഷ്ഠിക്കുകയും കുറച്ച് നഫ്ലുകള്‍ അനുഷ്ഠിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം റമളാനോടുള്ള കടമ നിറവേറ്റപ്പെടുകയില്ല. മറിച്ച് വിശുദ്ധഖുര്‍ആന്‍ പഠിക്കുകയും അതിന്റെ കല്പനകള്‍ അന്വേഷിച്ച് അതനുസരിച്ച് പ്രവര്‍ത്തിക്കേണ്ടതും വളരെ അനിവാര്യമാകുന്നു. അതിന്റെ കല്പനകള്‍ അന്വേഷിക്കേണ്ടതും അനിവാര്യമാണ്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാകുന്നു. ഇതുതന്നെയാണ് അല്ലാഹുവിന്റെ റഹ്മാനിയ്യത്തിന്റെ(പരമകാരുണികത)പ്രഭാവം മുഖേന റഹീമിയ്യത്തിന്റെ(കാരുണികത) പ്രഭാവത്തിന്റേയും അനുഗ്രഹം കരസ്ഥമാക്കാന്‍ നമ്മെ പ്രാപ്തമാക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഖുര്‍ആനികജ്ഞാനം കരസ്ഥമാക്കാനും അതിന്റെ അനുഗ്രഹങ്ങളില്‍നിന്ന് പ്രയോജനപ്പെടുന്ന അനുഗ്രഹം തേടാനുമുള്ള വഴികള്‍ കണ്ടെത്താന്‍ നിരവധി പാഠങ്ങളും ലിഖിതങ്ങളും നമുക്കു തന്നുപോയിട്ടുണ്ട്. അത് പാരായണം ചെയ്യുകയും പ്രാവര്‍ത്തികമാക്കുകയും ചെയ്യുമ്പോഴാണ് നമ്മള്‍ ശരിയായ നിലയില്‍ വിശുദ്ധഖുര്‍ആനില്‍നിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നവരായിത്തീരുന്നത്. അദ്ദേഹത്തിന്റെ പ്രസ്തുത ഉദ്ധരണികളില്‍നിന്ന് ഏതാനും ചിലത് ഞാന്‍ ഈ സമയത്ത് കേള്‍പ്പിക്കുന്നതാണ്.

എന്നാല്‍, അതിനുമുമ്പേ വിശുദ്ധഖുര്‍ആന്‍ പാരായണത്തിന്റെ പ്രാധാന്യത്തെ കുറിച്ചും പറയാനുണ്ട്. ഇതുവരെ അനിവാര്യമായ കാര്യമാകുന്നു. ഇത് റമളാനില്‍ ഓരോരുത്തരും നിര്‍ബന്ധമായും ചെയ്തിരിക്കണം. ചുരുങ്ങിയത് ഒരു ജുസൂഅ് ദിവസവും പാരായണം ചെയ്യണം. അങ്ങനെ റമളാനില്‍ വിശുദ്ധഖുര്‍ആന്‍ ഒരു തവണയെങ്കിലും ഓതി പൂര്‍ത്തിയാക്കേണ്ടതാണ്. ഹദ്റത്ത് ജിബ്രീല്‍(അ), നബി(സ)തിരുമേനിക്ക് റമളാനില്‍ അതുവരെ ഇറങ്ങിയ അത്രയും വിശുദ്ധഖുര്‍ആന്‍ ഒരാവര്‍ത്തി പൂര്‍ണമായും ഓതിക്കൊടുത്തിരുന്നു. അവസാന വര്‍ഷം മുഴുവന്‍ വിശുദ്ധഖുര്‍ആനും രണ്ടു തവണ പൂര്‍ണമായും(ഓതി)പൂര്‍ത്തിയാക്കിയിരുന്നു. അതിനാല്‍ വിശുദ്ധഖുര്‍ആന്‍ പാരായണത്തിന്റെ പ്രാധാന്യം എല്ലാവരുടേയും മുന്നില്‍ ഉണ്ടായിരിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ശഹ്റു റമളാനല്ലദീ ഉന്‍സില ഫീഹില്‍ ഖുര്‍ആന്‍(2:186) എന്ന ആയത്തിനെ സംബന്ധിച്ച് പറയുന്നു:

ഈ വാചകത്തില്‍നിന്നുതന്നെ റമളാന്റെ പ്രാധാന്യം മനസ്സിലാകുന്നുണ്ട്. അതായത്, ഈ പരിശുദ്ധ മാസത്തിലാണ് ഈ മഹത്ത്ഗ്രന്ഥം ഇറങ്ങിയത്. പറയുന്നു: സൂഫിവര്യന്മാര്‍ ഈ മാസം ആത്മാവിനെ പ്രകാശിതമാക്കാന്‍ ഏറ്റവും അനുയോജ്യമായ മാസമാണെന്നഎഴുതിയിരിക്കുന്നു. ആത്മാവിനെ പ്രശോഭിതമാക്കാനും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനും ഒരു ഉത്തമ മാസമാകുന്നു. ഇതില്‍ അധികമധികമായി കശ്ഫുകള്‍ (ജാഗ്രദര്‍ശനങ്ങള്‍) ഉണ്ടാകുന്നു. നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് ആത്മാവിനെ തേജോമയമാക്കുന്നു. ആത്മ വിശുദ്ധി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ദോഷപ്രവണമായ ആത്മാവിന്റെ ഇച്ഛകളില്‍നിന്ന് അകലം ലഭിക്കുകയെന്നതാണ്. മനസ്സിനുള്ളിലുണ്ടാകുന്ന അനാവശ്യചിന്തകളില്‍നിന്ന്, പാപങ്ങളുടെ വിചാരങ്ങളില്‍നിന്ന് അതിനെ അകറ്റിനിറുത്തുക. ആത്മാവിനെ തേജോമയമാക്കുന്നതുകൊണ്ടുള്ള വിവക്ഷിതം കശ്ഫ് അഥവാ ജാഗ്രദര്‍ശനങ്ങളുടെ വാതായനങ്ങള്‍ അതിന് തുറന്നുകിട്ടുകയും അല്ലാഹുവിനെ കാണുകയും ചെയ്യുകയെന്നതാണ്. അതുമുഖേന ദൈവസാമീപ്യം കരസ്ഥമാകുന്നു. അവിടന്ന് പറഞ്ഞു: അതിനാല്‍, ഉന്‍സില ഫീഹില്‍ ഖുര്‍ആന്‍ എന്നതു സൂചിപ്പിക്കുന്നതും ഇക്കാര്യത്തില്‍ ഒരു സംശയത്തിനും ഇടയില്ലെന്നാണ്.(മല്‍ഫൂദാത്ത് വാല്യം 3. പേജ് 424, 2022 പതിപ്പ്)

അതായത് വിശുദ്ധഖുര്‍ആന്‍ അനുസരിച്ച് പ്രവര്‍ത്തിക്കുന്നതിന്റെ അനുഗ്രഹംകൊണ്ട് ഇബാദത്തുകളോടൊപ്പം ഈ സ്ഥാനവും കരസ്ഥമാകുന്നതാണ്. വിശുദ്ധഖുര്‍ആന്‍ പാരായണം ചെയ്യാനും മനസ്സിലാക്കാനും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു സ്ഥലത്ത് പറയുന്നു:

ഞാന്‍ ഖുര്‍ആന്‍ എന്ന പദത്തെപ്പറ്റി ചിന്തിച്ചു. അപ്പോള്‍, ഈ പരിശുദ്ധ പദത്തില്‍ ഒരു ശക്തമായ പ്രവചനമുണ്ടെന്ന് എനിക്കു മനസ്സിലായി. അതെന്താണെന്നാല്‍, ഈ ഖുര്‍ആന്‍ മാത്രമാണ് പാരായണയോഗ്യമായ ഗ്രന്ഥം. ഒരു കാലഘട്ടത്തില്‍ കൂറേക്കൂടി പാരായണയോഗ്യമായ ഗ്രന്ഥമായി ഇത് മാറുന്നതാണ്. അന്ന് വേറെയും ഗ്രന്ഥങ്ങള്‍ വായനയുടെ കാര്യത്തില്‍ ഇതിനോടൊപ്പം ഉണ്ടായിരിക്കുന്നതാണ്. ആ സമയത്ത് ഇസ്ലാമിന്റെ അന്തസ്സ് കാക്കുന്നതിനും കളവിനെ ഉന്മൂലനം ചെയ്യുന്നതിനും ഈയൊരു ഗ്രന്ഥം മാത്രമേ പാരായണയോഗ്യമായിട്ടുണ്ടാവുകയുള്ളൂ. മറ്റു ഗ്രന്ഥങ്ങളെല്ലാം ഉപേക്ഷിക്കാന്‍മാത്രം പോന്നവയായിരിക്കും.

പറയുന്നു:

ഫുര്‍ഖാന്‍ എന്നതിന്റെ അര്‍ഥവും ഇതുതന്നെയാണ്. അതായത്, ഈ ഗ്രന്ഥം സത്യാസത്യവിവേചനം കാണിക്കുന്ന ഗ്രന്ഥമായിരിക്കും. ഏതെങ്കിലും ഹദീഥോ മറ്റേതെങ്കിലും ഗ്രന്ഥമോ ഈ സ്ഥാനത്തിനും ഉന്നതിക്കും യോജ്യമായവയായി ഉണ്ടാകുന്നതല്ല.

തുടര്‍ന്ന് പറയുന്നു:

ഇനി എല്ലാ ഗ്രന്ഥങ്ങളും ഒഴിവാക്കുക. രാപ്പകല്‍ അല്ലാഹുവിന്റെ ഗ്രന്ഥം മാത്രം പാരായണം ചെയ്യുക. വിശുദ്ധഖുര്‍ആനില്‍ ശ്രദ്ധിക്കാതെ മറ്റു ഗ്രന്ഥങ്ങളില്‍ രാപ്പകല്‍ ചാഞ്ഞുകൊണ്ടി

രിക്കുന്നവൻ തീരെ ഈമാനില്ലാത്തവനാകുന്നു. നമ്മുടെ ജമാഅത്ത് വിശുദ്ധഖുർആന്റെ പ്രവൃത്തിയിലും ചിന്തയിലും ഹൃദയാത്മനാ മുഴുകേണ്ടതാണ്. ഹദീഥിന്റെ കാര്യങ്ങളിലുള്ള താൽപര്യം ഒഴിവാക്കുക. ഹദീഥിന്റെ കാര്യത്തിൽ ഉള്ളതുപോലെ വിശുദ്ധഖുർആനിലേക്ക് ശ്രദ്ധയും പഠനവുമില്ലെന്നത് ഏറെ ഖേദകരമായ സംഗതിയാകുന്നു....... ഈ സമയത്ത് വിശുദ്ധഖുർആനാകുന്ന ആയുധം കൈയിലെടുക്കുവിൻ! എങ്കിൽ നിങ്ങൾക്ക് വിജയമുണ്ട്. ഈ പ്രകാശത്തിനുമുമ്പിൽ ഒരു അന്ധകാരവും നിലനിൽക്കുന്നതല്ല. യഥാർഥത്തിൽ ഈയൊരു ആയുധമാത്രമാണ് ഇന്നും ഫലപ്രദമായിട്ടുള്ളതെന്ന് ഞാൻ പറയുന്നു. എപ്പോഴും ഫലപ്രദമായിരിക്കുകയും ചെയ്യും. ആദ്യകാലത്ത് ഈയൊരു ആയുധംതന്നെയായിരുന്നു നബി(സ)തിരുമേനിയുടേയും സഹാബാക്കളുടേയും കൈയിലുണ്ടായിരുന്നത്. ഈ ഗ്രന്ഥത്തെ സ്വീകരിക്കുന്നതിനും ഈ ഏക ഗ്രന്ഥത്തെ തങ്ങളുടെ വിശ്വാസമാനദണ്ഡമാക്കുന്നതിനും അല്പംപോലും അമാന്തിക്കുകയോ അസ്വസ്ഥരാവുകയോ ചെയ്യാതിരുന്ന ആ സമൂഹം അനുഗൃഹീതരാവുന്നു. ആയിരോപിയായിരം അനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നു. വളരെ ആവേശത്തോടെയും സന്തോഷത്തോടെയും മുന്നോട്ട് ഗമിച്ചുകൊണ്ട് അവർ ഈ ഫുർഖാനിനും പ്രകാശത്തിനും ലബ്ബയ്ക്ക് പറയുകയുണ്ടായി.(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ), വാള്യം 1, പേജ് 647-648)

വിശുദ്ധഖുർആൻ ഇറങ്ങിയത് തക്കസമയത്താണെന്നതിനെ വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു:

നബി(സ)തിരുമേനി ആഗതരായ കാലഘട്ടത്തിന്റെ അവസ്ഥകൾ, ഒരു മഹാനായ, വലിയ യോഗ്യനായ ദൈവിക പരിഷ്കർത്താവിന്റെ ആവശ്യമുള്ള സമയമായിരുന്നു. അതായത്, ആ കാലഘട്ടം വളരെ മഹാനായ, വളരെ യോഗ്യനായ ഒരു ദൈവിക പരിഷ്കർത്താവിനെ, ദൈവിക മാർഗദർശകനെ ശക്തമായി ആവശ്യപ്പെടുകയായിരുന്നു. നൽകപ്പെട്ട അധ്യാപനങ്ങളും യഥാർഥത്തിൽ സത്യപൂർണവും വളരെയേറെ അനിവാര്യമായതുമായിരുന്നു. അത് കാലത്തിന്റെ എല്ലാ ആവശ്യങ്ങളേയും പൂർത്തീകരിക്കാൻ പരിപക്വവുമായിരുന്നു. പിന്നെ ഈ അധ്യാപനങ്ങളുടെ പ്രഭാവവും ലക്ഷക്കണക്കിന് ഹൃദയങ്ങളെ സത്യത്തിലേക്കും നന്മയിലേക്കും ആകർഷിക്കുകയുണ്ടായി. അത് ലക്ഷക്കണക്കിന് ഹൃദയങ്ങളിൽ ലാഇലാഹ ഇല്ലല്ലാഹ് എന്നത് കോറിയിട്ടു. അത് നുബൂവ്വത്തിന്റെ അടിസ്ഥാനമായിരുന്നു. അതായത്, മോക്ഷത്തിന്റെ തത്ത്വങ്ങളെ ഏറ്റവും പരിപക്വമായ രീതിയിലേക്കെത്തിച്ചു. അത് മറ്റൊരു നബിയുടെ കൈയാലും ഒരു കാലഘട്ടത്തിലും പരിപൂർണതയിൽ എത്തിയിട്ടുണ്ടായിരുന്നില്ല.(ബറാഹീനെ അഹ്മദിയ്യ ഭാഗം 2, റൂഹാനീസാഇൻ, വാള്യം 1, പേജ് 112-113)

അതുകൊണ്ടുതന്നെ ഈ അവസാന ശരീഅത്ത് വന്ന കാലഘട്ടത്തിന്റെ അവസ്ഥകൾ വാസ്തവത്തിൽ അതിനെ തേടുകയായിരുന്നു. പിന്നെ അത് ലക്ഷക്കണക്കിന് ഹൃദയങ്ങളെ പരിശുദ്ധീകരിക്കുകയും ഇന്നുവരെയും അത് തുടർന്നുപോരുകയും ചെയ്യുന്നു. ആയതിനാൽ, അനുഗ്രഹം ലഭിക്കണമെന്നുള്ളവർ ഇതിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കാൻ ശ്രമിച്ചുകൊള്ളട്ടെ.

വിശുദ്ധഖുർആൻ അറിവിലും കർമത്തിലും പരമോന്നതിയിലെത്തിക്കുന്നു. ഇത് വർത്തമാനങ്ങൾ മാത്രമല്ല, മറിച്ച് മുസ്‌ലിമീങ്ങൾ, അതായത് ശരിയായ മുസ്‌ലിമീങ്ങളുടെ കർമങ്ങൾ ഇന്നുവരേയും അതിന് സാക്ഷ്യം നൽകുന്നു. ഇത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഓർക്കുക, വെറും ബുദ്ധിയെ അംഗീകരിക്കുന്നവർ, ജ്ഞാനത്തിലും ദിവ്യബോധനത്തിലും, അനുഭവജ്ഞാനത്തിലും ന്യൂനതയുള്ളവരായിരിക്കും. അതുപോലെതന്നെ കർമത്തിലും കൂറിലും, സ്ഥൈര്യത്തിലും ന്യൂനതയും കുറവുമുള്ളവരായിരിക്കും. അത്തരം ആളുകളുടെ ജമാഅത്ത് ഒരു മാതൃകയും സ്ഥാപിച്ചിട്ടില്ല. അതായത് അവരും പരിശുദ്ധരായ ആളുകളെപ്പോലെ അല്ലാഹുവിനോട് കൂറുള്ളവരും സ്വീകൃതയോഗ്യരായ ആളുകളുമാണെന്നതിന് ഒരു തെളിവും ലഭിച്ചിട്ടില്ല. ലോകത്ത് അവരുടെ പ്രഭാഷണങ്ങളും ഉപദേശങ്ങളും പ്രാർഥനകളും ശ്രദ്ധയും സഹവാസവുംകൊണ്ട് നൂറുക്കണക്കിന് ആളുകൾ പരിശുദ്ധമായി ചരിക്കുന്നവരും ദൈവോന്മുഖരായി ലോകത്തേയും അതിന്റെ കാര്യങ്ങളേയും പരിഗണിക്കാതെ അവനിലേക്ക് കുനിയുന്നവരും ആയിത്തീർന്നുവെന്നതിനും തെളിവില്ല. മാത്രമല്ല, ഈ ലോകത്തിലെ ആനന്ദങ്ങളേയും സുഖങ്ങളേയും സന്തോഷങ്ങളേയും പ്രസിദ്ധിയേയും അഭിമാനത്തേയും സമ്പത്തിനേയും നാടിനേയും പൂർണമായും അവഗണിച്ചുകൊണ്ട് സത്യത്തിന്റെ മാർഗത്തിൽ പദമൂന്നിയതായും തെളിവില്ല. അങ്ങനെ പദമൂന്നിയ അവരിലെ നൂറുക്കണക്കിന് ആളുകളുടെ ജീവൻ നഷ്ടപ്പെടുത്തുന്ന വിധത്തിലേക്ക് ത്യാഗമനോഭാവമുണ്ടായതായും തെളിവില്ല. അതല്ലെങ്കിൽ ദീനിനുവേണ്ടി, അല്ലാഹുവിനുവേണ്ടി കൂറിന്റെ ആവേശമുണ്ടായി ത്യാഗമനോഭാവമുണ്ടാക്കിയതിനും തെളിവില്ല

.പറയുന്നു:

""ജീവൻ ത്യജിക്കുകയും ആയിരക്കണക്കിനാളുകളുടെ ഗളഛേദം വരുത്തുകയും ലക്ഷക്കണക്കിന് പരിശുദ്ധന്മാരുടെ രക്തംകൊണ്ട് ഭൂമി കുതിർക്കുകയും പിന്നെ ഈ എല്ലാ പ്രയാസത്തിലും അവർ സത്യസന്ധത കാണിക്കുകയും ചെയ്തു. അതായത്, യഥാർഥ പ്രേമഭാജനത്തെപോലെ ആപാദചൂഡം ചങ്ങലകളിൽ ബന്ധിക്കപ്പെട്ടപ്പോഴും പുഞ്ചിരിക്കുകയും ദുഃഖം സഹിച്ചുകൊണ്ടും സന്തോഷിക്കുകയും പ്രയാസങ്ങളിൽ അകപ്പെട്ടിട്ടും നന്ദി പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈയൊരു സ്നേഹത്തിൽ അവർ സ്വന്തം നാടുകളിൽനിന്ന് ഭ്രഷ്ടരാക്കപ്പെട്ടു. അന്തസ്സിനു പകരം അപമാനം സ്വീകരിച്ചു. സ്വസ്ഥതക്കു പകരം പ്രയാസങ്ങളെ തലയിൽ കയറ്റി. ധനാഢ്യതയ്ക്കു പകരം ദാരിദ്ര്യത്തെ വരിച്ചു. എല്ലാതരത്തിലുമുള്ള ബന്ധുബലത്തിനും പകരം ദാരിദ്ര്യത്തിലും ഒറ്റപ്പെടലിലും നിസ്സഹായതയിലും സംതൃപ്തി കരസ്ഥമാക്കി. തങ്ങളുടെ രക്തം ചിന്തിക്കൊണ്ടും, ശിരസ്സുകൾ വെട്ടിമാറ്റിക്കൊണ്ടും തങ്ങളുടെ ജീവൻ കൊടുത്തുകൊണ്ടും ദൈവാസ്തികൃതത്തെ സാധൂകരിച്ചു. ദൈവികവചനങ്ങളെ സത്യസന്ധമായി പിന്തുടർന്നതിന്റെ അനുഗ്രഹത്താൽ അവർക്കുള്ളിൽ സവിശേഷമായ തേജസ് വെളിപെടുമാറായി. അത് മറ്റാളുകളിൽ ഒരിക്കലും കാണപ്പെട്ടിരുന്നില്ല. ഇത്തരമാളുകൾ ആദ്യകാലത്തു മാത്രമല്ല ഉണ്ടായിരുന്നത്. മറിച്ച് ഈ പരിശുദ്ധജമാഅത്ത് ഇസ്‌ലാമിക സമൂഹത്തിൽ എപ്പോഴും ഉണ്ടായിക്കൊണ്ടിരുന്നു. അവർ തങ്ങളുടെ പ്രകാശപൂരിതമായ അസ്തിത്വം മുഖേന തങ്ങളുടെ എതിരാളികളെ എപ്പോഴും കുറ്റവാളികളും നിശബ്ദരുമാക്കിക്കൊണ്ടിരുന്നു. ആയതിനാൽ, നിഷേധികൾക്കുമേൽ നമ്മുടെ ഈ ന്യായപൂർത്തിയും വന്നുകഴിഞ്ഞിരിക്കുന്നു. വിശുദ്ധഖുർആൻ വൈജ്ഞാനികതലങ്ങളിൽ ഉന്നതിയുടെ പരമമായ തലങ്ങളിലേക്ക് എത്തിക്കുന്നതുപോലെതന്നെ കർമപരമായ തലങ്ങളുടെ പരിപൂർണതയും അതുമുഖേന ലഭ്യമാക്കുന്നു. അല്ലാഹുവിന്റെ പ്രഭാവങ്ങളും പ്രകാശവും സ്വീകാര്യതയും ആ മഹത്തുക്കളിൽ വെളിപ്പെട്ടുകൊണ്ടിരുന്നു. ഈ പരിശുദ്ധ ഗ്രന്ഥത്തെ പിന്തുടരുന്നവരിൽ ഇപ്പോഴും അത് വെളിപ്പെട്ടുകൊണ്ടിരിക്കുന്നു.

യഥാർഥരീതിയിൽ അതിനെ നിങ്ങൾ പിന്തുടരുകയാണെങ്കിൽ ഈ നിലവാരം കരസ്ഥമാക്കാൻ കഴിയുന്നതാണ്. അത് മറ്റുള്ളവരിൽ ഒരിക്കലും വെളിപ്പെടുന്നതുമല്ല. അതിനാൽ ഒരു സത്യാന്വേഷകനെ സംബന്ധിച്ചിടത്തോളം ഇതുതന്നെയാണ് തെളിവായിട്ടുള്ളത്. അതയാൾക്ക് സ്വന്തം കണ്ണുകൾകൊണ്ട് കാണാൻ കഴിയുന്നതാണ്. അതായത്, ദൈവികാനുഗ്രഹങ്ങളും ദൈവികാടയാളങ്ങളും വിശുദ്ധഖുർആന്റെ ശരിയായ അനുയായികളിൽ മാത്രം കാണപ്പെടുന്നതാണ്. അടയാളങ്ങൾ കാണണമെങ്കിൽ അത് വിശുദ്ധഖുർആനെ പൂർണമായും അനുസരിക്കുന്നവരിൽ മാത്രമേ കാണാൻ കഴിയുകയുള്ളൂ. മറ്റു സമൂഹങ്ങൾ യഥാർഥവും പരിശുദ്ധവുമായ ഇൽഹാം അഥവാ ദിവ്യവാണികളിൽനിന്ന് മുഖംതിരിച്ചിരിക്കുന്നു. ബ്രഹ്മസമാജികളാണെങ്കിലും ആര്യന്മാരാണെങ്കിലും ക്രിസ്ത്യാനികളാണെങ്കിലും അവർ ഈ പ്രകാശത്തിൽനിന്ന് ഒഴിവാക്കപ്പെട്ടവരും അതേകുറിച്ച് അറിവില്ലാത്തവരുമാകുന്നു. അതിനാൽ ഒരു നിഷേധിക്ക് തൃപ്തി വരുത്തുന്നതിനുള്ള കടമ നാം ഏറ്റെടുത്തിരിക്കുന്നു. പക്ഷേ, അയാൾ സദുദ്ദേശ്യത്തോടെയും സ്ഥൈര്യത്തോടെയും സഹനത്തോടെയും സത്യസന്ധതയോടെയും സത്യാന്വേഷണത്തിന് ഈ ഭാഗത്ത് പ്രയാസപ്പെടേണ്ടതായി വരും.(ബറാഹീനെ അഹ്മദിയ്യ, ഭാഗം 4, റൂഹാനീഖസാഇൻ വാള്യം 1, പേജ് 350-352, അടിക്കുറിപ്പ്)

ആരെങ്കിലും സത്യഹൃദയത്തോടുകൂടി ഈ സന്മാർഗത്തിൽ വരികയാണെങ്കിൽ അയാളുടെ വൈജ്ഞാനികവും കർമപരവുമായ കഴിവുകൾ വർധിക്കുന്നതായിരിക്കും. ഇതാണ് വിശുദ്ധഖുർആന്റെ വാദം. ഹദ്റത്ത് മസീഹ് മൗഊദ്(അ)

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**

**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

താലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

താലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

ന്റെ വാദവും ഇതുതന്നെയാണ്. വരുവിൻ, ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം. ഇതിനെ മനസ്സിലാക്കുകയും ഞാൻ പഠിപ്പിക്കുന്നതുപോലെ നിങ്ങൾ എന്നിൽനിന്ന് പഠിക്കുകയും ചെയ്യുവിൻ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)മറ്റൊരു സ്ഥലത്ത് പറയുന്നു:

മൃഗീയരായ സമൂഹത്തെ മനുഷ്യരാക്കുകയും മനുഷ്യരെ ദൈവമനുഷ്യരാക്കുകയും ചെയ്ത ഇസ്‌ലാമിന്റെ തത്ത്വങ്ങളെ ഉപേക്ഷിക്കുകയും ഖുർആനെ ഒഴിവാക്കുകയും ചെയ്തുകൊണ്ട് ഭൗതികാസക്തരായ സമൂഹത്തെ പിന്തുടരുകയെന്നത് എത്രമാത്രം അക്രമമാണ്. ഇസ്‌ലാമിന്റെ മേന്മയും ജീവിതവും പാശ്ചാത്യ ലോകത്തെ അവലംബിക്കുന്നതിലൂടെയാണെന്ന് അവർ കരുതുന്നു. പാശ്ചാത്യലോകം വലിയ പുരോഗതി നേടിയെന്നും അവരെ മാർഗദർശികളാക്കാമെന്നും പാശ്ചാത്യലോകത്തെ ഖിബ്‌ലയാക്കാമെന്നും അവർ കരുതുന്നു. അവർക്ക് വിജയിക്കാൻ സാധ്യമല്ല. വിശുദ്ധഖുർആനു വിധേയമായി നടക്കുന്നവർക്ക് മാത്രമേ വിജയം ലഭിക്കുകയുള്ളൂ.

ഈ ഭൗതികലോകത്തെ വിജയവുമാണ്, ദീനിന്റെ വിജയവുമാണ്, പരലോകത്തിന്റെ വിജയവുമാണ്. ഭൗതികരായ ആളുകൾ ഭൗതികവിജയങ്ങളിൽ മാത്രം പ്രതീക്ഷയർപ്പിക്കുന്നു. എന്നാൽ, എല്ലാതരത്തിലുള്ള വിജയവുമാണ് ആഗ്രഹിക്കുന്നതെങ്കിൽ അത് വിശുദ്ധഖുർആനിലൂടെ ലഭ്യമാകുന്നതാണ്. പറഞ്ഞു:

വിശുദ്ധഖുർആനെ ഉപേക്ഷിച്ചുകൊണ്ടുള്ള വിജയം അത് അസാധ്യമായ കാര്യമാകുന്നു. ഇവർ അന്വേഷിച്ചുകൊണ്ടിരിക്കുന്ന അത്തരം വിജയം ഒരു സ്വപ്നം മാത്രമാകുന്നു. സ്വഹാബാക്കളുടെ മാതൃകയെ മുന്നിൽവെക്കുക. നോക്കുക, അവർ നബി(സ)തിരുമേനിയെ അനുസരിക്കുകയും ദീനിനെ ദുൻയാവിനെക്കാളും മുന്തിക്കുകയും ചെയ്തപ്പോൾ അവരോടു ചെയ്ത എല്ലാ വാഗ്ദാനങ്ങളും അല്ലാഹു അവർക്ക് പൂർത്തിയാക്കിക്കൊടുത്തു. ആദ്യകാലത്ത് നിഷേധികൾ അവരെ പരിഹസിച്ചുകൊണ്ട് പറഞ്ഞിരുന്നത്, സ്വതന്ത്രമായി പുറത്തിറങ്ങാൻ കഴിയാത്തവർ രാജാധികാരത്തെക്കുറിച്ച് വീമ്പിളക്കുന്നുവെന്നും രഹസ്യമായി ആരാധന നടത്തുന്നുവെന്നുമായിരുന്നു. എന്നിട്ട്, തങ്ങൾ രാജാക്കന്മാരാകുമെന്ന് മേനി നടിക്കുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ അനുസരണത്തിൽ മുഴുകിയപ്പോൾ നൂറ്റാണ്ടുകളായി അവർക്കു കിട്ടാതിരുന്ന കാര്യങ്ങളിൽ അവർ പങ്കുപറ്റുന്നവരായി. അവർ വിശുദ്ധഖുർആനേയും നബി(സ)തിരുമേനിയേയും സ്നേഹിക്കുകയും അതിന്റെ അനുസരണത്തിലും അതിനെ പിന്തുടരുന്നതിലും രാപ്പകൽ ബദ്ധശ്രദ്ധരുമായിരുന്നു. അവർ നിഷേധികളെ പേരിനുപോലും അനുസരിച്ചിരുന്നില്ല. നിഷേധികളുടെ ഒരാചാരത്തേയും അവർ പിന്തുടർന്നില്ല. അതെല്ലാം ഉപേക്ഷിക്കുകയുണ്ടായി. ഇസ്‌ലാമിന്റെ ഈ അവസ്ഥ നിലനിന്നിടത്തോളം കാലം അത് അന്തസ്സിന്റേയും അഭ്യുന്നതിയുടേതുമായിരുന്നു. അതിലുള്ള രഹസ്യം ഖുദാദാരി ഗം ദാരി എന്നതായിരുന്നു; അല്ലാഹുവിൽ അർപ്പിച്ചാൽ ദുഃഖങ്ങളെല്ലാം ഒഴിവാകുന്നു എന്നതായിരുന്നു.

പറഞ്ഞു:

മുസ്‌ലിമീങ്ങളുടെ വിജയങ്ങളുടെ താക്കോലും ഈമാൻ(വിശ്വാസം) ആയിരുന്നു.

ഇന്ന് വിശ്വാസത്തിന്റെ ആ നിലവാരമില്ല; വർത്തമാനമേയുള്ളൂ. എന്നാൽ, അതെല്ലാം കരസ്ഥമാക്കണമെങ്കിൽ ഈമാനിനെ അഭിവൃദ്ധിപ്പെടുത്തേണ്ടതായിവരും.

പറഞ്ഞു:

സ്വലാഹുദ്ദീനിനെതിരിൽ(സ്വലാഹുദ്ദീൻ അയ്യൂബി) എത്രവലിയ ജനക്കൂട്ടമായിരുന്നു.

രാജാവായ സ്വലാഹുദ്ദീൻ അയ്യൂബിയുടെ ഉദാഹരണങ്ങൾ നൽകിക്കൊണ്ട് പറയുന്നു:

അദ്ദേഹത്തിന്നെതിരിൽ ഒരുപാട് സൈന്യങ്ങൾ ഒരുമിച്ചുകൂടി. പക്ഷേ, അദ്ദേഹത്തെ കീഴടക്കാൻ ആർക്കും സാധിച്ചില്ല. അദ്ദേഹത്തിന്റെ ഉദ്ദേശ്യം ഇസ്‌ലാമിക സേവനമായിരുന്നു. ഒരു കാലഘട്ടംവരെ അങ്ങനെ തുടർന്നുപോന്നു. രാജാക്കന്മാർ ധിക്കാരവും ആഭാസവും സ്വീകരിച്ചപ്പോൾ അല്ലാഹുവിന്റെ കോപം പതിക്കുകയുണ്ടായി. പതുക്കെപ്പതുക്കെ ഇന്ന് നിങ്ങൾ കാണുന്ന ദൈന്യതയിലേക്ക് എത്തിച്ചേർന്നു. ഈ രോഗത്തിന്, അതായത് ഇസ്‌ലാമിന്റേ ദുർബലാവസ്ഥയ്ക്ക് നൽകപ്പെടുന്ന കുറിപ്പടിക്ക് നാം എതിരാവുന്നു. നമ്മുടെ വീക്ഷണത്തിൽ ഈ കുറിപ്പടി അനുസരിച്ച് ചികിത്സിക്കുകയാണെങ്കിൽ അത് കൂടുതൽ ഭയാനകവും ദ്രോഹവുമായിരിക്കും. ഇവർ നൽകുന്ന കുറിപ്പടി പാശ്ചാത്യരെ അനുസരിക്കുകയും അവരുടെ അറിവുകൾ കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ്. അത് വേണമെങ്കിൽ സ്വീകരിച്ചുകൊള്ളുക. പക്ഷേ, വിശുദ്ധഖുർആനെ തങ്ങളുടെ മാർഗദർശിയാക്കുവിൻ!മുസ്‌ലിമീങ്ങൾ വിശുദ്ധഖുർആനിലേക്ക് തിരിയാത്തിടത്തോളം അവരിൽ ഈമാൻ ഉണ്ടാവുകയോ ആരോഗ്യം വീണ്ടെടുക്കുകയോ ചെയ്യുന്നതല്ല. നേരത്തെ വന്ന അതേ മാർഗ്ഗത്തിലൂടെ മാത്രമേ അന്തസും ആഭിജാത്യവും കൈവരികയുള്ളൂ.(മൽഫൂദാത്ത് വാല്യം 2, പേജ് 157–158, 1984 പതിപ്പ്)

അതിനാൽ വിശ്വാസവും കർമവും പുരോഗതിപ്പെടണം. ഭൗതികാസക്തരായ ആളുകളെ പിന്തുടരുന്നതിലൂടെയല്ല. പ്രത്യുത വിശുദ്ധഖുർആനെ പിന്തുടരുമ്പോഴാണ് പുരോഗതി കൈവരിക.

മുസ്‌ലിമീങ്ങൾ വിശുദ്ധഖുർആനെ ശ്രദ്ധിക്കാതിരുന്നതിനേയും അതിന്റെ പാരായണത്തിൽ അലസത കാണിക്കുന്നതിനേയും സംബന്ധിച്ച് വളരെ വേദനയോടെ ആ മഹാത്മാവ് പറയുന്നു:

അല്ലാഹു നബി(സ)തിരുമേനിയെ നിയോഗിച്ചയക്കുകയുണ്ടായി. നബി(സ)തിരുമേനി ലോകത്ത് വന്ന് മനുഷ്യന്റെ ബുദ്ധിയും പ്രകൃതവും ആഗ്രഹിക്കുന്ന ദൈവത്തെ സമർപ്പിച്ചു. അതിന്റെ പൂർണമായ വിവരണം അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിലുണ്ട്. ഈ സമയത്ത് മുസ്‌ലിമീങ്ങളല്ലാത്തവരെ മാറ്റിനിറുത്തിക്കൊണ്ട് മുസ്‌ലിമീങ്ങളെക്കുറിച്ച് മാത്രമാണ് പറയുന്നത്. അവരെ മാത്രം ഞാൻ സംബോധന ചെയ്യുന്നതായിരിക്കും. യാ റബ്ബി ഇന്ന ഖൗമിത്തഖദു ഹാദൽ ഖുർആന മഹ്ജൂറാ(25:31) അല്ലയോ എന്റെ നാഥാ, തീർച്ചയായും എന്റെ സമൂഹം ഈ ഖുർആനെ ഉപേക്ഷിക്കപ്പെട്ട രീതിയിൽ പിൻപുറം തള്ളിക്കളഞ്ഞിരിക്കുന്നു. ഓർക്കുക, വിശുദ്ധഖുർആൻ യഥാർഥ അനുഗ്രഹങ്ങളുടെ ഉറവിടവും മോക്ഷത്തിന്റെ സത്യസന്ധമായ മാർഗവുമാകുന്നു. വിശുദ്ധഖുർആനനുസരിച്ച് പ്രവർത്തിക്കാത്തത് അത്തരം ആളുകളുടെ അബദ്ധമാകുന്നു. അതനുസരിച്ച് പ്രവർത്തിക്കേണ്ടുന്ന ഒരുകൂട്ടർ അതിൽ വിശ്വസിക്കുന്നുപോലുമില്ല. ഇവർ ബഹുകാതം അകലെയാകുന്നു. എന്നാൽ, ഇത് അല്ലാഹുവിന്റെ വചനമാണെന്നും മോക്ഷത്തിനുള്ള ശമനൗഷധമാണെന്നും വിശ്വസിക്കുന്നവർ അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അതെത്രമാത്രം വിചിത്രവും സങ്കടകരവുമാണ്. അവരിൽ നിരവധി പേർ ആയുസ്സിൽ ഒരിക്കൽപോലും അത് പാരായണം ചെയ്തിട്ടില്ല. അല്ലാഹുവിന്റെ വചനങ്ങളെ സംബന്ധിച്ച് അശ്രദ്ധരും അവഗണിക്കുന്നവരുമായ അത്തരക്കാരുടെ ഉദാഹരണം, ഒരാൾക്ക് ഇന്ന അരുവിയിലുള്ള വെള്ളം പരിശുദ്ധവും ശമനൗഷധിയും ആണെന്ന അറിവും ദൃഢബോധവുമുണ്ടായിട്ടും അയാൾ ദാഹിച്ചുവലയുകയും രോഗങ്ങളിൽ ആണ്ടുപോവുകയും ചെയ്തിരിക്കെ ആ വെള്ളത്തിൽനിന്ന് പ്രയോജനമെടുക്കാത്തവനെ പോലെയാണ്. ആ അരുവി ദാഹമകറ്റുന്നതും രോഗനിവാരണിയും ആണെന്നിരിക്കെ അതിനടുത്ത് പോകുന്നില്ല. അത്തരക്കാർ വളരെ ദൗർഭാഗ്യരാകുന്നു. പറയുന്നു: ഇതെത്രമാത്രം ദൗർഭാഗ്യവും വിവരക്കേടുമാണ്. അയാൾ ആ വെള്ളം തന്റെ ചുണ്ടിനോടു അടുപ്പിക്കുകയും ദാഹശമനം വരുത്തുകയും ചെയ്തുകൊണ്ട് അതിന്റെ സ്വാദിഷ്ടവും രോഗശമനദായകവുമായ വെള്ളത്തിൽനിന്ന് ആനന്ദം നേടുകയും ചെയ്യേണ്ടതാണ്. പക്ഷേ, ഒന്നും അറിവില്ലാത്തവനെപോലെ അറിഞ്ഞുകൊണ്ടും അയാൾ അതിൽനിന്ന് ദൂരെയാണ്. അങ്ങനെ, മരണം വന്ന് അയാളെ അവസാനിപ്പിക്കുന്നതുവരെയും അതിൽനിന്ന് വിദൂരസ്ഥനായിരിക്കുന്നു. പലർക്കും മരണം വരുന്നു. പക്ഷേ, അവർ അതുവരെയും വിശുദ്ധഖുർആനിലേക്ക് ശ്രദ്ധിക്കുന്നില്ല. അത്തരമാളുകളുടെ അവസ്ഥ ഏറെ ഗുണപാഠദായകമാകുന്നു. ഇന്ന് മുസ്‌ലിമീങ്ങളുടെ അവസ്ഥ ഇതേ വിധത്തിലായിത്തീർന്നിരിക്കുന്നു. എല്ലാ പുരോഗതികളുടേയും വിജയങ്ങളുടേയും കുഞ്ചിക വിശുദ്ധഖുർആനാണെന്ന് അവർക്കറിയാം. അതനുസരിച്ച് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുവെങ്കിലും അവർ അതിനെ ഗൗനിക്കുന്നില്ല. ഒരു വ്യക്തി വളരെ സഹാനുഭൂതിയോടെയും ഗുണകാംക്ഷിയായും കേവലം സഹാനുഭൂതി മാത്രമല്ല, മറിച്ച് അല്ലാഹുവിന്റെ കല്പനയും നിർദ്ദേശവുമനുസരിച്ച് അതിലേക്ക് വിളിക്കുമ്പോൾ അദ്ദേഹത്തെ വ്യാജനെന്നും ദജ്ജാലെന്നും മുദ്രകുത്തുന്നു. ഈ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഇതിലും വലിയ ദയനീയാവസ്ഥ മറ്റെന്താണുള്ളത്?

അതായത്, ഹദ്റത്ത് മസീഹ് മൗഊദിനെ(അ) അല്ലാഹു വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ പരത്തുന്നതിനുവേണ്ടി ഈ കാലഘട്ടത്തിൽ അയച്ചതാണ്. അദ്ദേഹത്തെ വ്യാജനെന്നും കള്ളവാദിയെന്നും കറ്റുകെട്ടുകാരനെന്നും വിളിക്കുകയും ചീത്തവിളിക്കുകയും ചെയ്യുന്നു. ശത്രുതയിൽ മുന്നേറുകയും ചെയ്യുന്നു. ഇത്തരം അവസ്ഥയിൽ ഈ ആളുകളെ സംബന്ധിച്ചിടത്തോളം ഇതിലും വലിയ എന്ത് പരിതാപകരമായ അവസ്ഥയാണ് ഉണ്ടാകാനുള്ളത്? പറഞ്ഞു: മുസ്‌ലിമീങ്ങൾ ഇപ്പോഴും ഈഅരുവി മഹത്തായ അനുഗ്രഹമാണെന്ന് മനസ്സിലാക്കുകയും അതിനെ വിലമതിക്കുകയും ചെയ്യേണ്ടതാണ്. അതിനെ വിലമതിക്കുകയെന്നതുകൊണ്ടുള്ള ഉദ്ദേശ്യം അതനുസരിച്ച് പ്രവർത്തിക്കുക എന്നാകുന്നു. പിന്നെ അല്ലാഹു എങ്ങനെയാണ് പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അകറ്റുന്നതെന്ന് നോക്കുക. മുസ്‌ലിമീങ്ങൾ മനസ്സിലാക്കുകയും ചിന്തിക്കുകയും ചെയ്തിരുന്നെങ്കിൽ അല്ലാഹു അവർക്ക് പരിശുദ്ധമായൊരു വഴി തുറന്നിരിക്കുകയാണ്. അവർ അതിലൂടെ ചരിച്ചുകൊണ്ട് പ്രയോജനമെടുത്തെങ്കിൽ ഹാ എത്ര നന്നായേനേ! പറയുന്നു: നിശ്ചയമായും ഓർത്തുകൊള്ളുക! സത്യഹൃദയത്തോടെ അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ പരിശുദ്ധ ഗ്രന്ഥമനുസരിച്ച് പ്രവർത്തിക്കുകയും നബി(സ)തിരുമേനിയെ അനുസരിക്കുകയും ചെയ്യുന്നയാൾക്ക് അല്ലാഹു അനന്തമായ അനുഗ്രഹങ്ങളിൽനിന്ന് പങ്കുനൽകുന്നതാണ്. അയാൾക്ക് നൽകപ്പെടുന്ന അനുഗ്രഹങ്ങൾ ഭൗതിക അനുഗ്രഹങ്ങളേക്കാളും വളരെയേറെ ഔന്നത്യമുള്ളതായിരിക്കും. അതിലൊന്ന് പാപപ്പൊറുതിയാകുന്നു.

അതായത്, പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അയാൾ അല്ലാഹുവിലേക്ക് മടങ്ങുകയും പശ്ചാത്തപിക്കുകയും ചെയ്യുമ്പോൾ അല്ലാഹു അയാളുടെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നു.

മറ്റാളുകൾ ഈ അനുഗ്രഹത്തെപ്പറ്റി ഒന്നും അറിവില്ലാത്തവരാകുന്നു. അതുകൊണ്ട് പശ്ചാത്താപം മുഖേന പാപങ്ങൾ പൊറുക്കപ്പെടുമെന്ന് അവർ വിശ്വസിക്കുന്നുപോലുമില്ല. അവരിൽ ചിലയാളുകളുടെ വിശ്വാസം എന്തുതന്നെയായാലും തങ്ങൾക്ക് പുനർജന്മത്തിൽ പോകേണ്ടിവരുമെന്നാണ്. ഇത് ചില ഹിന്ദുക്കളുടെ വിശ്വാസമാകുന്നു. മാപ്പ് നൽകപ്പെടില്ലത്രെ. ക്രിസ്ത്യാനികളുടെ സിദ്ധാന്തമനുസരിച്ച് മിശിഹായുടെ രക്തത്തിൽ ഒരു പ്രാവശ്യം വിശ്വസിച്ചുകൊണ്ട് തിന്മ സംഭവിക്കുകയാണെങ്കിൽ പിന്നെ മിശിഹായുടെ കുരിശും ഫലദായകമല്ല. കാരണം മിശിഹ രണ്ടുപ്രാവശ്യം കുരിശിൽ കയറുന്നതല്ല. ചുരുക്കത്തിൽ ഈ രണ്ടു കൂട്ടരെ സംബന്ധിച്ചിടത്തോളം പൊറുക്കപ്പെടാനും മോക്ഷത്തിനുള്ള വഴി അടഞ്ഞിരിക്കുകയാണ്. കാരണം പാപങ്ങളുണ്ടാകുന്നത് അവസാനിക്കുക സാധ്യമല്ല. അത് സംഭവിച്ചുകൊണ്ടിരിക്കും. ദൈവാനുഗ്രഹങ്ങൾക്ക് കൃതജ്ഞത കാണിക്കുന്നതും തിന്മയാകുന്നു. ഈ പാപങ്ങൾകൊണ്ടും നരകത്തിൽ പോകേണ്ടിവരും. അതല്ലെങ്കിൽ മിശിഹായ്ക്ക് വീണ്ടും കുരിശു നൽകാൻ സാധ്യമല്ലാത്തതിനാൽ പൂർണമായും നിരാശരാകേണ്ടിവരും. മറ്റു മതങ്ങളിൽ തിന്മ സംഭവിച്ചുപോയാൽ പിന്നെ നിരാശ മാത്രമാണുള്ളത്. പൊറുക്കപ്പെടാനുള്ള വഴിയൊന്നുമില്ല. പക്ഷേ, അല്ലാഹു മുസ്‌ലിമീങ്ങൾക്ക് ഈ അധ്യാപനമല്ല നൽകിയത്. അവർക്കെപ്പോഴും പശ്ചാത്താപത്തിന്റെ കവാടങ്ങൾ തുറന്നിട്ടിരിക്കുന്നു. മനുഷ്യൻ അതിലേക്ക് തിരിയുകയും തന്റെ മുൻകാല പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് മാപ്പ് യാചിക്കുകയും മേലിൽ നന്മകൾക്കുള്ള ഉറച്ച തീരുമാനമെടുക്കുകയാണെങ്കിൽ അല്ലാഹു പൊറുത്തുകൊടുക്കുന്നതുമാണ്.

അതുകൊണ്ട് ഞാൻ പറയുന്നു. എന്റെ വാക്കുകളെ ശ്രദ്ധാപൂർവ്വം ശ്രവിക്കുവിൻ. ഇത് നിങ്ങളുടെ കർണപുടങ്ങളിൽ മാത്രമായി നിൽക്കുകയും നിങ്ങൾ അതിൽനിന്ന് പ്രയോജനമെടുക്കാതിരിക്കുകയും നിങ്ങളുടെ ഹൃദയങ്ങളിലേക്ക് ഇറങ്ങാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകാതിരിക്കട്ടെ. ആയതിനാൽ ഈ കാര്യങ്ങൾ ശ്രവിക്കുകയും തങ്ങളുടെ ഹൃദയങ്ങളിലേക്ക് അതെത്തിക്കുകയും ചെയ്യുവിൻ. അവയെ കാതുകളിൽമാത്രമായി ചുരുക്കരുത്. അല്ല. സശ്രദ്ധം ശ്രവിക്കുവിൻ. അതിന് ഹൃദയങ്ങളിൽ ഇടം നൽകുവിൻ. നിങ്ങൾ അവ ഉപരിപ്ലവമായല്ല കേട്ടത് എന്ന് കർമങ്ങളിലൂടെ സ്ഥാപിക്കുവിൻ. അതിന്റെ പ്രഭാവം ഈയൊരു നിമിഷംവരെ മാത്രം പോരാ. മറിച്ച്, ആഴത്തിൽ സ്വാധീനം ചെലുത്തേണ്ടതാണ്.(മൽഫൂദാത്ത് വാല്യം 7, പേജ് 181-183, 1984 പതിപ്പ്)

ഇവിടെയിരുന്ന് ഖുത്ബ കേൾക്കുന്ന സമയംവരെ മാത്രം അതിന്റെ സ്വാധീനമുണ്ടായാൽ പോരാ. മറിച്ച് പിന്നീടും അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. പ്രവർത്തിക്കുക എന്നുവെച്ചാൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുക, റമളാനിൽ അതിന്റെ ശീലമുണ്ടാക്കുക, പിന്നെ സ്ഥിരമായി ജീവിതത്തിന്റെ ഭാഗമാക്കുക, പിന്നീട് അതിന്റെ അധ്യാപമനുസരിച്ച് പ്രവർത്തിക്കുന്നവരുമാകുക.

നമ്മൾ വിശുദ്ധഖുർആനിൽ കൈകടത്തുന്നവരാണെന്ന് അഹ്മദികൾക്കെതിരിൽ ആരോപണം ഉന്നയിക്കപ്പെടുന്നു. പാക്കിസ്താനിൽ ഇപ്പോൾ മുല്ലാക്കൾ ഈ നിയമത്തിന്റ പിൻബലത്തിലാണ് അഹ്മദികൾക്കുമേൽ കേസുകളുണ്ടാക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾതന്നെ ഞാൻ കേൾപ്പിക്കാം. ആ മഹാത്മാവ് പറയുന്നു: വിശുദ്ധഖുർആൻ ദൈവികനിയമവും മോക്ഷത്തിനുള്ള മാർഗവുമാകുന്നു. നമ്മളതിൽ മാറ്റങ്ങൾ വരുത്തുകയാണെങ്കിൽ അത് വളരെ കഠിനമായ പാപമായിരിക്കും. നമ്മൾ യഹൂദികളേയും ക്രിസ്ത്യാനികളേയും ആക്ഷേപിക്കുകയും പിന്നെ നമ്മൾ വിശുദ്ധഖുർആനെ സംബന്ധിച്ച് അതേരീതി അവലംബിക്കുകയും ചെയ്യുന്നത് എത്ര വിചിത്രമായിരിക്കും. ക്രിസ്ത്യാനികളുടെ ഗ്രന്ഥങ്ങൾ വാസ്തവത്തിൽ കൈയേറ്റങ്ങളും തിരുത്തലുകളും വന്നതാണെങ്കിലും അവരതിൽ കൈകടത്തലുകളുണ്ടായിട്ടില്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയും അതേസമയം നമ്മൾ സ്വയം കൈകടത്തലിനുള്ള ചിന്തയിലുമാണെന്ന് പറയുന്നതെന്ന് എത്രമാത്രം ഖേദകരവും വിചിത്രവുമായിരിക്കും. അതായത്, മുൻകാല ഗ്രന്ഥങ്ങളുടെ ആളുകൾ കൈകടത്തലുകൾക്ക് വിധേയമായിട്ടുകൂടി അതിലങ്ങനെയൊന്നുമില്ലെന്ന് പറയുന്നു. എന്നാൽ, നമ്മുടെ ചില കർമങ്ങൾ, ചില കാര്യങ്ങൾ നമ്മൾ കൈകടത്തുന്നതിന് തുല്യമായിത്തീരുകയും ചെയ്യുന്നു. നോക്കുക, കറ്റുകെട്ടിപ്പറയുന്നവൻ നികൃഷ്ടനും രോഗിയുമാണ്. ആ മഹാത്മാവ് തന്റെ നിലപാട് വിശദീകരിച്ചുകൊണ്ട് പറയുന്നു: നിങ്ങൾ ഖുർആനിൽ കൈകടത്തലുകളുണ്ടായെന്ന് പറയുന്നു. കെട്ടിച്ചമയ്ക്കുന്നവൻ നികൃഷ്ടനും രോഗിയുമാണ്. അല്ലാഹുവിന്റെ വചനങ്ങളിൽ കൈകടത്തുന്നതും കറ്റുകെട്ടുന്നതുപോലെത്തന്നെയാണ്. അതിൽനിന്ന് വിട്ടുനിൽക്കുവിൻ. നമ്മുടെ അധ്യാപനം വിശുദ്ധഖുർആനിൽ ഒരുവിധത്തിലുള്ള കൈകടത്തലുകളും ഇല്ലെന്നാണ്. കാരണം കൈകടത്തുന്നവൻ നികൃഷ്ടനും ദ്രോഹിയുമാകുന്നു.അവിടന്ന് തന്റെ വീക്ഷണം വിവരിച്ചു. വിശുദ്ധ ഖുർആനിൽ കൈകടത്തലുകളുണ്ടായെന്ന് നിങ്ങൾ പറയുന്നു. ദൈവവചനത്തിൽ കൈകടത്തുന്നവൻ നികൃഷ്ടനും ദ്രോഹിയുമാകുന്നു.അല്ലാഹുവിന്റെ വചനത്തിൽ മാറ്റമുണ്ടാക്കുന്നവനും കറ്റുകെട്ടിപ്പറയുന്നവനാണ്. അതിൽനിന്ന് രക്ഷപ്പെടുക.(മൽഫൂദാത്ത് വാല്യം7, പേജ് 168-169,1984 പതിപ്പ്)

നമ്മുടെ അധ്യാപനം ഇതാണ്, വിശുദ്ധ ഖുർആൻ എല്ലാവിധ മാറ്റത്തിരുത്തലുകളിൽനിന്നും സുരക്ഷിതമാണ്. കാരണം മാറ്റത്തിരുത്തലുകൾ വരുത്തുന്നവൻ നികൃഷ്ടനും ദ്രോഹിയുമാണ്. അവിടന്ന് പറഞ്ഞു: ഞങ്ങളുടെമേൽ ഈ ആക്ഷേപം ഉന്നയിക്കുന്നവർ ബുദ്ധി ഉപയോഗിക്കേണ്ടതാണ്. അതിൽ കൈകടത്തലുകൾനടത്തിക്കൊണ്ട് ഞങ്ങൾ സ്വയം നികൃഷ്ടരുടേയും ദ്രോഹികളുടേയും ഗണത്തിൽ ഉൾപ്പെടാനാഗ്രഹിക്കുമോ?

വിശുദ്ധഖുർആൻ സമ്പൂർണ്ണഗ്രന്ഥമാണെന്നതിനെ സംബന്ധിച്ച് ആ മഹാത്മാവ് പറയുന്നു:ഞാൻ വിശുദ്ധഖുർആന്റേയും ഖുർആനിലെ പാഠങ്ങളുടേയും സേവനത്തിനും നബി(സ)തിരുമേനിയുടെ പരിശുദ്ധമതത്തിന്റെ സേവനത്തിനും വേണ്ടി തയ്യാറായി നിൽക്കുകയാണ്. ജീവൻപോലും ഈ വഴിയിൽ നൽകാൻ സന്നദ്ധനാണ്. വിശുദ്ധഖുർആനല്ലാതെ സമ്പൂർണവും എല്ലാ കാര്യങ്ങളും അടങ്ങിയതുമായ ഒരു ഗ്രന്ഥവുമില്ല. അതിനെ പൂർണമായും അനുസരിക്കാതെയും നബി(സ) തിരുമേനിയെ പിന്തുടരാതെയും മോക്ഷം പ്രാപിക്കുക സാധ്യമല്ല. വിശുദ്ധഖുർആനിൽ ഏറ്റുക്കുറച്ചിൽ വരുത്തുന്നവനും നബി(സ)തിരുമേനിയുടെ അനുസരണമാകുന്ന നുകം തന്റെ കഴുത്തിൽനിന്ന് ഇറക്കിവെക്കുന്നവനും മതനിഷേധിയും(കാഫിറും) മതനിരാസനുമാണെന്ന്(മുർത്തദ്ദും) ഞാൻ ഉറച്ചുവിശ്വസിക്കുന്നു.(മൽഫൂദാത്ത് വാല്യം 10, പേജ് 309, 1984 പതിപ്പ്)

ചുരുക്കത്തിൽ, നമുക്കുമേൽ ഉന്നയിക്കപ്പെടുന്ന എല്ലാ ആരോപണങ്ങൾക്കുമുള്ള മറുപടിയാണിത്. അദ്ദേഹം വീണ്ടും പറഞ്ഞു: വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ മുഖേന മോക്ഷത്തിന്റെ മാർഗവും പ്രകാശവും ലഭ്യമാകുന്നു. ഇക്കാര്യത്തെ കുറച്ചുകൂടി വ്യക്തമാക്കി: ഈ പ്രകാശവും സന്മാർഗവും നല്കാൻ കഴിയുന്ന മറ്റൊരു ഗ്രന്ഥവും ഇതല്ലാതെയില്ല. ആ മഹാത്മാവ് പറയുന്നു: യഥാർഥ വഴികാട്ടി വിശുദ്ധഖുർആനാകുന്നു. അതിനെ പിന്തുടരുന്നതുകൊണ്ട് ഈ ലോകത്തുതന്നെ മോക്ഷത്തിന്റെ പ്രകാശങ്ങൾ കാണിക്കുകയും ഏറ്റവും വലിയ സൗഭാഗ്യംവരെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. വ മൻകാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽആഖിറത്തി അഅ്മാ വ അള്ളല്ലു സബീലൻ(17:73)വല്ലനും ഈലോകത്ത് അന്ധനായിരുന്നാൽ അവൻ പരലോകത്തും അന്ധനായിരിക്കും. എന്നല്ല കൂടുതൽ വഴിപിഴച്ചവനുമായിരിക്കും. വ മൻകാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽആഖിറത്തി അഅ്മാ വ അള്ളല്ലു സബീലൻ പറഞ്ഞു: യഥാർഥ ദിവ്യജ്ഞാനം കരസ്ഥമാക്കുന്നതിന് പൂർണമായും പരിശ്രമിക്കാതിരിക്കുകയും കേവലം ഖാലയിലും ഖീലയിലും പെട്ടുപോവുകയും ചെയ്യുന്നവൻ നല്ലപോലെ മനസ്സിലാക്കിയിരിക്കട്ടെ, ആധ്യാത്മികാനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിന് ഒരേയൊരു മാർഗം മാത്രമേയുള്ളൂ. അതായത്, ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)യെ പൂർണമായും അനുസരിക്കുക. ഖുർആനികാധ്യാപനങ്ങളെ തങ്ങളുടെ ഗുരുവും മാർഗദർശിയുമാക്കുക. ഇവിടെ ആ മഹാത്മാവ് അറബി വാക്കുകളാണ് പ്രയോഗിച്ചത്. കേവലം ഖാലയിലും ഖീലയിലും പെട്ടുപോവരുതെന്ന് പറയുന്നു. അതായത്, ഹദീഥുകളുടെ ഉദ്ധരണികൾ നൽകിയതുകൊണ്ട് കാര്യമില്ല. അവർക്ക് ഉടനെതന്നെ ബോധ്യപ്പെടും, ആധ്യാത്മികാനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിന് നബി(സ)തിരുമേനിയെ അനുസരിക്കുകയും ഖുർആനികാധ്യാപനങ്ങളെ തങ്ങളുടെ ഗുരുവും മാർഗദർശിയും ആക്കുക എന്ന ഒരേയൊരു മാർഗം മാത്രമേയുള്ളൂവെന്ന്! ഇതുകാരണം തന്നെയാണ് ഹിന്ദുക്കളിലേയും ക്രിസ്ത്യാനികളിലേയും നിരവധിയാളുകൾ പല കർമങ്ങളും ചെയ്യുകയും യോഗികളാകാൻ ശ്രമിക്കുകയും അങ്ങനെ അവരുടെ ശരീരം ശോഷിപ്പിക്കുകയും വർഷങ്ങളോളം വനാന്തരങ്ങളിൽ കഴിയുകയും കഠിനമായ തപസനുഷ്ഠിക്കുകയും ആനന്ദങ്ങളിൽനിന്ന് പൂർണമായും വിട്ടുനിൽക്കുകയും ചെയ്യുന്നത്. എന്നിട്ടും അവർക്ക് മുസ്‌ലിമീങ്ങൾ ചെറിയൊരു ആധ്യാത്മിക കർമങ്ങളിലൂടെയും ഏകാന്തവാസം ഉപേക്ഷിക്കുന്നതിലൂടെയും കരസ്ഥമാക്കുന്ന സവിശേഷമായ ദൈവിക പ്രകാശങ്ങൾ കിട്ടുന്നില്ല.

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

**'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ.825)**


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ഈ സവിശേഷതകളവർക്ക് കിട്ടാൻ സാധ്യമല്ല. എന്നാൽ, വിശുദ്ധഖുർആനനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അത് ലഭ്യമാവുന്നതാണ്. ഇതിൽനിന്ന് വിശുദ്ധഖുർആൻ നൽകുന്ന അധ്യാപനമാണ് സ്വിറാത്തെ മുസ്തഖീം അഥവാ നേരായ മാർഗമെന്നത് സുവ്യക്തമാണ്.

നിസംശയം ഇതു സത്യസന്ധമായ കാര്യമാണ്, ആരെങ്കിലും പശ്ചാത്തപിച്ചുകൊണ്ട് പത്തുദിവസമെങ്കിലും ഖുർആനിക ഇംഗിതമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ തന്റെ ഹൃദയത്തിൽ ഒരു പ്രകാശം ഇറങ്ങുന്നതായി കാണുന്നതാണ്. ഇസ്‌ലാമിന്റെ ഈ സവിശേഷത പരീക്ഷണങ്ങൾ ഇല്ലാതെയുള്ളതല്ല. അതായത് ഇതൊരു പരീക്ഷണമെന്ന നിലയ്ക്കല്ല. മറിച്ച് നൂറുക്കണക്കിന് പരിശുദ്ധാത്മാക്കൾ ഈ മാർഗത്തിലൂടെ അനുഗ്രഹം സിദ്ധിച്ചവരാണ്. ഇതനുസരിച്ച് പ്രവർത്തിച്ച് അനുഗ്രഹം കരസ്ഥമാക്കിയവരുടെ നൂറുക്കണക്കിന് ഉദാഹരണങ്ങളുണ്ട്. ഇതു വെറും പറച്ചിലല്ല. മറിച്ച്, അതനുസരിച്ച് പ്രവർത്തിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തവരുടെ നൂറുക്കണക്കിന് ഉദാഹരണങ്ങളുണ്ട്.(മക്തൂബാത്തെ അഹ്മദ്, വാള്യം 1, പേജ് 549, രണ്ടാം പതിപ്പ്)

ഇതനുസരിച്ച് പ്രവർത്തിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്ത നൂറുക്കണക്കിന് ഉദാഹരങ്ങളുണ്ട്. വെറും നാവുകൊണ്ടുള്ള വാദമല്ല. മറിച്ച് ആരാണോ പ്രവർത്തിച്ചത് അവർ അനുഗ്രഹം പ്രാപിച്ചു. നൂറുക്കണക്കിന് ആയിരക്കണക്കിന് ഉദാഹരണങ്ങൾ നിലവിലുണ്ട്. ആയതിനാൽ നമ്മളും ഇക്കാര്യത്തിൽ നേരത്തേതിലുമധികം ശ്രദ്ധിക്കുകയും നമ്മുടെ തലമുറകളിൽ അതിന്റെ പ്രാധാന്യം ഉണ്ടാക്കുകയും വേണം.

മനുഷ്യർക്ക് അല്ലാഹുവിൽ യഥാർഥ വിശ്വാസമില്ലെന്നും, വെറും ഉപരിപ്ലവമായ രീതിയിൽ വിശ്വാസപ്രഖ്യാപനം നടത്തുന്നവരുടെ അവസ്ഥ ദുർബലമാണെന്നും വിവരിച്ചുകൊണ്ട് മനുഷ്യപ്രകൃതത്തെ ആ മഹാത്മാവ് എടുത്തുദ്ധരിക്കുന്നുണ്ട്. വിശുദ്ധഖുർആന്റെ അധ്യാപനത്തിന്റെ വെളിച്ചത്തിൽ ആ മഹാത്മാവ് പറയുന്നു:

അല്ലയോ സുഹൃത്തുക്കളേ, പാപങ്ങളെ സംബന്ധിച്ച് നിർഭയരാകാനുള്ള കാരണം അലസതയുള്ള മനുഷ്യന് അല്ലാഹുവിലും അവന്റെ ശിക്ഷയിലും ഉറച്ച വിശ്വാസമില്ലാത്തതാണ്. വാസ്തവത്തിൽ മനുഷ്യൻ സ്വതവേ വളരെ ഭയമുള്ളവനാണ്. മനുഷ്യപ്രകൃതം വളരെയേറെ വിഹ്വലമാണ്. ആ മഹാത്മാവ് ഒരു ഉദാഹരണത്തിലൂടെ പറയുന്നു:ഒരു വീടിന്റെ മേൽക്കൂരയ്ക്കു കീഴിൽ കുറേയാളുകൾ ഇരിക്കുമ്പോൾ ഒരു തവണ ശക്തമായ ഭൂമികുലുക്കമുണ്ടായാൽ എല്ലാവരും പുറത്തേക്ക് ഓടിപ്പോകുന്നതാണ്. അതിനുള്ള കാരണം ഏതാനും നിമിഷംകൂടി മേൽക്കൂരയ്ക്കു കീഴിൽ ഇരിക്കുകയാണെങ്കിൽ അത് നിലംപൊത്തുകയും തങ്ങൾ മരണത്തിനിരയാകുകയും ചെയ്യുമെന്ന് ഉറച്ചുവിശ്വാസമുണ്ടാകുകയും ചെയ്യുന്നതുകൊണ്ടാണ്. എന്നാൽ, പാപം ചെയ്യുന്നവന് അല്ലാഹുവിലോ അവന്റെ ശിക്ഷയിലോ ദൃഢവിശ്വാസമില്ല. അതുകൊണ്ടവർ തന്റേടത്തോടുകൂടി തിന്മകൾ ചെയ്യുന്നു. വ്യാജവും കെട്ടിച്ചമച്ചതുമായ മാർഗങ്ങളിലൂടെ മോക്ഷമന്വേഷിക്കുന്നവർ പാപങ്ങളിൽ ധൈര്യം കാണിക്കുന്നു. കാരണം വ്യാജമാർഗങ്ങളൊരിക്കലും ദൃഢബോധ്യമുണ്ടാക്കുന്നില്ല. എന്നാൽ, യഥാർഥത്തിൽ ദൈവമുണ്ടെന്നും അവൻ പാപങ്ങൾക്ക് ശിക്ഷ നൽകാതെ വിടുകയില്ലെന്നും വെറും പ്രദർശനപരതയെന്ന നിലയിലല്ലാതെ ഉറച്ച വിശ്വാസമുള്ള ഒരാൾ സ്വയം എല്ലാതരത്തിലുള്ള പാപങ്ങളിൽനിന്നും തന്നെ മാറ്റിനിറുത്തുന്നതാണ്. വിശുദ്ധഖുർആൻ നമുക്ക് വെളിപ്പെടുത്തിതന്നതുതന്നെയാണ് മോക്ഷത്തിന്റെ സത്യസന്ധമായ തത്ത്വശാസ്ത്രം. താൽപര്യമുണ്ടെങ്കിൽ സ്വീകരിച്ചുകൊള്ളുവിൻ.(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാള്യം 23, പേജ് 422-423)

അതുകൊണ്ട് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും അതനുസരിച്ച് വിശ്വാസത്തെ പരിപക്വമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിലാണ് മോക്ഷം. അതല്ലെങ്കിൽ ഏറെ ദുഷ്കരമാകുന്നു.

ആ മഹാത്മാവ് പറയുന്നു: അല്ലാഹുവിനുവേണ്ടി തന്റെ ആത്മാവിനോടു യുദ്ധം ചെയ്യുന്നവൻ സൗഭാഗ്യവാൻ. തന്റെ ദേഹേച്ഛക്കുവേണ്ടി അല്ലാഹുവിനോട് യുദ്ധം ചെയ്യുന്നവൻ ദുർഭഗനാകുന്നു. തന്റെ ദേഹേച്ഛക്കുവേണ്ടി കല്പനകളെ ഒഴിവാക്കുന്നവൻ അവനോടു യോജിക്കുന്നവനല്ല. അവന് വാനലോകത്ത് പ്രവേശനം ലഭിക്കുന്നതുമല്ല. അവന് ദൈവസാമീപ്യം കരസ്ഥമാക്കാനും സാധ്യമല്ല. ആയതിനാൽ വിശുദ്ധഖുർആനിൽ ഒരു വള്ളിയോ പുള്ളിയോ നിങ്ങൾക്കെതിരിൽ സാക്ഷി പറയാതിരിക്കാനും അത് മുഖേന നിങ്ങൾ പിടിക്കപ്പെടാതിരിക്കാനും പരിശ്രമിക്കുവിൻ. കാരണം, തിന്മ ലവലേശമുണ്ടെങ്കിൽ പ്പോലും അവൻ ശിക്ഷാർഹനാകുന്നു. സമയം കുറവും പ്രവർത്തനസജ്ജമായ ആയുസ്സ് അനിശ്ചിതവുമാകുന്നു. സായാഹ്നമടുത്തിരിക്കുന്നു. ശീഘ്രഗതിയിൽ ചുവടുവെക്കുവിൻ. അവിടെ സമർപ്പിക്കാനുള്ളതിനെ സംബന്ധിച്ച് കൂടെക്കൂടെ പരിശോധിക്കുവിൻ. ഒന്നും ബാക്കിയാവാൻ ഇടവരരുത്. വെറും അധമവ്യായാമവും നികൃഷ്ടവും വിലയില്ലാത്തതുമായ സാമഗ്രികളും രാജസദസ്സിൽ സമർപ്പിക്കാൻ യോഗ്യമല്ല.(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 25-26)

അല്ലാഹു നമുക്ക് ശരിയായ രീതിയിൽ വിശുദ്ധഖുർആന്റെ അധ്യാപനങ്ങളെ മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും തൗഫീഖ് നൽകുമാറാകട്ടെ. നമ്മളെപ്പോഴും അല്ലാഹുവിനോട് നന്ദിയുള്ളവരും അവനിൽനിന്ന് ലഭ്യമായ സന്മാർഗത്തെ പ്രയോജനപ്പെടുത്തുന്നവരുമായിത്തീരട്ടെ. അല്ലാഹു നമ്മെ വിശ്വാസത്തിലും അനുഭവജ്ഞാനത്തിലും ദൈവഭയത്തിലും മുന്നേറുന്നവരാ ക്കുമാറാകട്ടെ. നമ്മളെ റമളാനിൽ മാത്രമല്ല, മറിച്ചെപ്പോഴും ഖുർആനികാധ്യാപനമനുസരിച്ച് ജീവിതം നയിക്കുന്നവരാക്കുമാറാകട്ടെ. ഇതെല്ലാമുണ്ടെങ്കിൽ മാത്രമേ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനും ഖുർആനികഭരണം നമ്മുടെ കഴുത്തുകളിൽ ബന്ധിക്കുന്നതിനുംവേണ്ടി അയക്കപ്പെട്ട ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ചെയ്ത ബയ്അത്ത് യഥാവിധി നിറവേറ്റുന്നവരാണെന്നും പറയാൻ കഴിയുകയുള്ളൂ. അല്ലാഹു ഈ റമളാനിലും തുടർന്ന് എപ്പോഴും ഖുർആനിക അധ്യാപനങ്ങളിൽ നിന്ന് പ്രയോജനമെടുക്കാൻ നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

ദുആകളിൽ ഫലസത്വീനികളെയും ഓർക്കുക. യുദ്ധത്തിനുപുറമെ പട്ടിണിയും രോഗങ്ങളും കാരണവും ഇപ്പോൾ കുട്ടികളുടേയും നിരപരാധികളുടേയും ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ യു.എൻ. സ്ഥാപനങ്ങളും ഇതു മനുഷ്യനിർമിത പട്ടിണിയും പരിവട്ടവുമാണെന്നും ഈ ആപത്തുകൾ ഇസ്രായേലി സർക്കാരിന്റെ കാഠിന്യവും ദുശ്ശാഠ്യവും മുഖേന ഉണ്ടായതാണെന്നും പറഞ്ഞ് തുടങ്ങിയിരിക്കുന്നു. വഴികൾ തുറക്കുകയും സഹായം വേഗം എത്തിപ്പെടുകയുമാണെങ്കിൽ ഇപ്പോഴും അവസ്ഥകൾ മെച്ചപ്പെടുന്നതാണ്.

അതുപോലെ, സുഡാനിലെ ജനങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ഇവരുടെ നേതാക്കന്മാർക്കും ഭരണ കർത്താക്കൾക്കും വിവേകം നൽകുമാറാകട്ടെ. അവിടെയും ജനങ്ങൾ പട്ടിണിയും രോഗവും കാരണം മരണപ്പെട്ടുകൊണ്ടിരിക്കുന്നു. സ്വന്തം ജനങ്ങൾതന്നെ തങ്ങളുടെ നാട്ടുകാർക്കുമേൽ അക്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം സംഭവിക്കുന്നത് ഭൗതികേച്ഛയും ഖുർആനികാധ്യാപനങ്ങൾ വിസ്മരിച്ചതും അല്ലാഹുവിനാൽ ഇക്കാലഘട്ടത്തിൽ നിയോഗിതനായ വ്യക്തിയെ നിരാകരിച്ചതും കാരണമാണ്.

ഇപ്രകാരം ധാരാളം മറ്റു മുസ്‌ലിം രാജ്യങ്ങളിലും വളരെ സങ്കടകരമായ അവസ്ഥയാണുള്ളത്. ഭരണകൂടങ്ങൾ തങ്ങളുടെ ജനങ്ങളെ ദ്രോഹിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ പരസ്പരം പോരടിക്കുന്നു. അല്ലാഹു അവരോടു കരുണ ചൊരിയുമാറാകട്ടെ. പാക്കിസ്താനിലേയും യമനിലേയും നമ്മുടെ അഹ്മദി തടവുകാർക്കുവേണ്ടിയും ദുആ ചെയ്യുക. പാക്കിസ്താനിലെ പൊതുവായ അവസ്ഥക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അഹ്മദികളെ സംരക്ഷിക്കുമാറാകട്ടെ.

നമസ്കാരത്തിന് ശേഷം ഏതാനും ജനാസ ഗാഇബ് നമസ്കാരങ്ങളും അനുഷ്ഠിക്കുന്നതാണ്. അവരെക്കുറിച്ചും അനുസ്മരിക്കാം.

ആദ്യത്തേത്, ഡോക്ടർ ളഹീറുദ്ദീൻ മൻസ്വൂർ സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം അമേരിക്കയിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം സാഹിബ്സാദി അമത്തുർറശ്ശീദ് ബേഗമിന്റേയും മിയാ അബ്ദുർറഹീം അഹ്മദ് സാഹിബിന്റേയും മകനായിരുന്നു. മാതാവിന്റെ കുടുംബം മസീഹ് മൗഊദു(അ)മായി ബന്ധപ്പെട്ടതാണ്. ഖലീഫത്തുൽ മസീഹ് അവ്വൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)ന്റെ പ്രപൗത്രനും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

THE WEEKLY AL HAKAM www.alhakam.org

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

ന്റെ ദൗഹിത്രനുമാണ്. പിതാവിന്റെ ഭാഗത്തുനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് പ്രൊഫസർ അലി അഹ്മദ് സാഹിബ്(റ)ന്റെ പൗത്രനുമാണ്. ഇദ്ദേഹം മെഡിക്കൽ ഡിഗ്രി എടുത്തശേഷം സൈന്യത്തിൽ ചേർന്ന് പ്രവർത്തിക്കുകയുണ്ടായി. പിന്നെ റബ്‌വയിൽ സ്വന്തം ക്ലിനിക്ക് തുറന്നു. പരിസരപ്രദേശത്തുള്ള ഒരുപാട് ദരിദ്രരായ ജനങ്ങളെ സേവിച്ചിരുന്നു. അദ്ദേഹത്തിന്റെ ക്ലിനിക്കിൽനിന്ന് ജനങ്ങൾ നല്ലപോലെ ഫലമെടുക്കുകയും ചെയ്തിട്ടുണ്ട്. ഖുദ്ദാമുൽ അഹ്മദിയ്യായിലും അൻസ്വാറുല്ലായിലും മുഹ്തമിം, ഖായിദ് എന്നീ നിലകളിൽ സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. അമേരിക്കയിൽ പോയതുമുതൽ അവിടെ തഅലീമുൽ ഖുർആൻ നാഷണൽ സെക്രട്ടറിയായി സേവനം ചെയ്തിരുന്നു. ഖിലാഫത്തുമായിഅനുപമമായ ബന്ധമായിരുന്നു. അനുസരണത്തിന്റേയും സ്നേഹത്തിന്റേയും ബന്ധമാണുണ്ടായിരുന്നത്. ഞാനുമായി വളരെ അടുത്തബന്ധവുമുണ്ടായിരുന്നു. ഖിലാഫത്തിൽ വന്നതിനുശേഷവും അത് പ്രകടിപ്പിച്ചിരുന്നു. എപ്പോഴും ദുആക്കുവേണ്ടി എഴുതുമായിരുന്നു. എല്ലാ കാര്യങ്ങളിലും ദുആക്കുവേണ്ടി പറഞ്ഞിരുന്നു. തഅ്ലീമുൽ ഖുർആൻ വകുപ്പിനുവേണ്ടി അദ്ദേഹം വളരെ അധ്വാനത്തോടെയും ശ്രദ്ധയോടെയും പ്രവർത്തിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ ഭാര്യ രില്വാന സാഹിബ പറയുന്നു: വിശുദ്ധഖുർആനോട് വളരെയേറെ സ്നേഹമായിരുന്നു. തിലാവത്തിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കാറിലും യാത്രാവേളയിലും സ്വയം തിലാവത്ത് ചെയ്യുകയോ കുട്ടികളെ തിലാവത്ത് ചെയ്യിക്കുകയോ ചെയ്തിരുന്നു. തെറ്റുകൾ തിരുത്തിക്കൊടുക്കുകയും ചെയ്തിരുന്നു.

മകൾ സൽമാന പറയുന്നു: വിവാഹത്തിനുശേഷവും അദ്ദേഹം ഫോൺമുഖേന ഖുർആൻ തർജമ പഠിപ്പിക്കുകയും അവധിക്കാലങ്ങളിൽ തന്റെ പേരമക്കൾക്ക് ഖുർആൻ പഠിപ്പിക്കുകയും ചെയ്തിരുന്നു. വലുതോ ചെറുതോ ആയ എന്തുതെറ്റ് അദ്ദേഹത്തിൽനിന്ന് ഉണ്ടായാലും ഉടൻതന്നെ മാപ്പു ചോദിക്കുക എന്നത് അദ്ദേഹത്തിന്റെ ഒരു സവിശേഷ ഗുണമായിരുന്നു. നവഅഹ്മദികളേയും തന്റെ സന്തോഷങ്ങളിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കുകയും അതിനുവേണ്ടി മകളെ ഉപദേശിക്കുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ ജാമാതാവ് മിർസാ നബീൽ അഹ്മദ് പറയുന്നു: എല്ലാവരോടും വളരെ സ്നേഹത്തോടെ പെരുമാറുകയും ജമാഅത്തായ നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കുകയും വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും ഞങ്ങളെ ഈ കാര്യങ്ങളിൽ ഉപദേശിക്കുകയും ചെയ്തിരുന്നു. കോവിഡ് സമയത്ത് വീട്ടിലെ എല്ലാവരേയും ഒരുമിച്ചുകൂട്ടി നമസ്കരിക്കുകയും ചെയ്തിരുന്നു. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ കാലത്തിന്റെ ഖലീഫക്ക് കത്തെഴുതാൻ ഉപദേശിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ മകൾ മുഫ്‌ലിഹ എഴുതുന്നു: സദ്ഭാവന വെച്ചുപുലർത്താനും അല്ലാഹുവിൽ പൂർണമായും വിശ്വസിക്കാനും ജനങ്ങളെപ്പറ്റി സദ്ഭാവന വെക്കാനും വിനയം പ്രകടിപ്പിക്കാനും തെറ്റുകൾ അംഗീകരിക്കാനും എപ്പോഴും പറയുമായിരുന്നു. അതുപോലെതന്നെ അദ്ദേഹത്തിന്റെ സഹോദരന്റെ മകളും അദ്ദേഹത്തിന്റെ ഈ സവിശേഷതകൾ അനുസ്മരിച്ചുകൊണ്ടെഴുതുന്നു: അനുശോചനത്തിന് വന്ന എല്ലാവരും അദ്ദേഹം മൃദുഭാഷിയും വളരെ ഔദാര്യവാനുമാണെന്ന് പറഞ്ഞിരുന്നു.

മുറബ്ബി ഫർഹാദ് അനാ സാഹിബ് പറയുന്നു:15-ാമത്തെ വയസ്സുമുതൽ അദ്ദേഹവുമായി എനിക്ക് ബന്ധമുണ്ട്. അദ്ദേഹമെന്നെ ജമാഅത്തുമായി ബന്ധിക്കുകയും ചെയ്തു. മറിച്ച്, അദ്ദേഹം കാരണമാണ് ഞാൻ വഖ്ഫു ചെയ്തത്.

ചൗദരി വസീം അഹ്മദ് സാഹിബ് എഴുതുന്നു: ഒരിക്കൽ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1974-ൽ ഒരു പ്രൊജക്ടുവർക്ക് ഞങ്ങൾക്ക് തരികയുണ്ടായി. ഇദ്ദേഹം വളരെ കഠിനാധ്വാനത്തോടും വിനയപൂർവ്വവും ജോലി നിർവഹിച്ചുകൊണ്ടിരുന്നു. പലപ്പോഴും രാത്രി മുഴുവനും ജോലിയിൽ മുഴുകുമായിരുന്നു. രോഗികളെ വളരെ നല്ലപോലെ സേവിക്കുകയും അവരെ ശ്രദ്ധിക്കുകയും തന്റെ കീശയിൽനിന്ന് അവർക്കുവേണ്ടി ചികിത്സക്ക് പുറമെ മരുന്ന് വാങ്ങുന്നതിന് വേണ്ടി പണം നൽകുകയും ചെയ്തിരുന്നു. ദരിദ്രരായ ആളുകളെ സംരക്ഷിക്കാനും അതിഥിസൽക്കാരത്തിനും പ്രത്യേക താൽപര്യമായിരുന്നു.

ഇദ്ദേഹം എന്റെ എളാമയുടെ മകനും കൂടിയാണ്. ഞാനും അദ്ദേഹത്തെ വീട്ടിൽ പോയി കണ്ടിട്ടുണ്ട്. ജൽസയുടെ ദിവസങ്ങളിലും അങ്ങനെത്തന്നെയായിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കളും അതുപോലെതന്നെയായിരുന്നു. മക്കളിലും ആ നന്മകളുടെ പ്രഭാവമാണുണ്ടായിരുന്നത്. അതിഥി സൽക്കാരം അവരുടെ സവിശേഷ സ്വഭാവമായിരുന്നു. ജൽസയുടെ ദിവസങ്ങളിൽ വീട് കാലിയാക്കി കൊടുക്കുകയും സ്വയം വെളിയിൽ ടെന്റുകളിൽ താമസിക്കുകയും മുഴുവൻ വീടും അതിഥികളെക്കൊണ്ട് നിറയുകയും ചെയ്തിരുന്നു. ഈ നന്മയുടെ പ്രകൃതമാണ് അദ്ദേഹത്തിന് കിട്ടിയത്.

അടുത്ത അനുസ്മരണം സിറിയക്കാരനായ ഹസൻ ആബ്ദീൻ ആഗാ സാഹിബിന്റേതാണ്. ഇദ്ദേഹം കാനഡയിലായിരുന്നു. കഴിഞ്ഞ ദിവസം 80-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ മകൻ അബ്ദുൽ ഖാദിർ ആബ്ദീൻ എഴുതുന്നു: ഞങ്ങളുടെ പിതാവ് ഒരു സുന്നി കുടുംബത്തിലാണ് ജനിച്ചത്. പിന്നെ ശിയാ വിഭാഗക്കാരനായി മാറി. അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ ബശീർ ആബ്ദീൻ സാഹിബ് എം.ടി.എ മുഖേന ജമാഅത്തിനെ സംബന്ധിച്ച് അറിയാനിടയായി. വിവിധ കാര്യങ്ങളിൽ ജമാഅത്തിന്റെ തഫ്സീറുകളിലും വിശദീകരണങ്ങളിലും ആകൃഷ്ടനായി അഹ്മദിയ്യത്തിന്റെ സത്യം അംഗീകരിക്കുകയും പിന്നെ വീട്ടിൽ സംസാരം തുടങ്ങുകയും ചെയ്തു. രണ്ടുമാസം എനിക്കും എന്റെ പിതാവിനും എന്റെ സഹോദരനുമിടയിൽ ചർച്ച നടന്നുകൊണ്ടിരുന്നു. അങ്ങനെ ഞങ്ങൾക്കും തൃപ്തിയാവുകയും ബയ്അത്ത് ഫോറം പൂരിപ്പിക്കുകയും ചെയ്തു. സഹോദരിമാർക്കുമേലും എന്റെ പിതാവിന് നല്ല സ്വാധീനമുണ്ടായിരുന്നു. അങ്ങനെ അവരും അഹ്മദിയ്യത്ത് സ്വീകരിച്ചു. മുഴുവൻ കുടുംബവും അഹ്മദികളായി. തുടർന്ന് അവരുടെ വീട് അഹ്മദിയ്യാ കേന്ദ്രമായി മാറി. അവിടെ തബ്‌ലീഗും നമസ്കാരവും ദുആയും തുടങ്ങി. സിറിയയിലെ സ്വദ്ർ ജമാഅത്ത് എന്ന നിലയ്ക്ക് *ഹലബ്* ജമാഅത്തിൽ സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നയാളും ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ കൃത്യമായി പാരായണം ചെയ്യുന്ന വ്യക്തിയുമായിരുന്നു. നല്ല സ്വഭാവത്തിനുടമയായിരുന്നു. ഖിലാഫത്തുമായി വലിയ സ്നേഹബന്ധവും ഉണ്ടായിരുന്നു. മുബല്ലിഗുമാരെ വിലമതിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. ലളിതമായ ജീവിതം നയിക്കുകയും നല്ലപോലെ അതിഥിസൽക്കാരം നടത്തുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ സുബയ്ദ സാഹിബ പറയുന്നു: അദ്ദേഹം നല്ല സ്വഭാവത്തിനുടമയും വളരെ നല്ല ഭർത്താവുമായിരുന്നു. വീട്ടിൽ എന്റെ ജോലികളിൽ സഹായിച്ചിരുന്നു. എന്റെ സഹോദരീ സഹോദരന്മാരോടും ബന്ധുക്കളോടും നല്ല സ്നേഹബന്ധമായിരുന്നു. സത്യം പറയാനും വിശ്വസ്തരായ ആളുകളുമായി സ്നേഹം പുലർത്താനും അതിഥി സൽക്കാരത്തിനും മക്കളെ ഉപദേശിച്ചിരുന്നു. കൃത്യമായി തഹജ്ജുദ് അനുഷ്ഠിക്കുമായിരുന്നു. ചന്ദകൾ കൊടുക്കുന്നതിൽ എപ്പോഴും ശുഷ്കാന്തി പുലർത്തിയിരുന്നു.

ഒരു പൗത്രൻ ജാമിഅയിൽ പഠിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: എന്റെ പിതാമഹൻ വളരെ വിനയനും ക്ഷമാശീലനും ഉള്ളതിൽ തൃപ്തിപ്പെടുന്ന വ്യക്തിയുമായിരുന്നു. അദ്ദേഹത്തിൽ തഹജ്ജുദിലുള്ള കൃത്യനിഷ്ഠയും കണ്ടിട്ടുണ്ട്. കൃത്യമായി ഖുർആൻ പാരായണം ചെയ്യുകയും എല്ലാവരോടും സ്നേഹത്തോടെ വർത്തിക്കുകയും ചെയ്തിരുന്നു. പൊറുത്തുകൊടുക്കുകയെന്ന സവിശേഷ ഗുണവുമുണ്ടായിരുന്നു.

മുറബ്ബി മുസ്‌ലിഹ് ശമ്പൂർ സാഹിബ് പറയുന്നു: ഉള്ളതിൽ തൃപ്തിപ്പെടുന്ന ശീലം വളരെ പ്രകടമായിരുന്നു. സാമ്പത്തിക ഞെരുക്കങ്ങളിൽ ആരോടും സഹായം ചോദിച്ചിരുന്നില്ല. മറിച്ച്, കൈയിൽ കുറഞ്ഞ പൈസയാണ് ഉണ്ടായിരുന്നതെങ്കിൽപോലും ചന്ദ കൊടുക്കുമായിരുന്നു. ആരുടേയും ആശ്രിതനാവാൻ ആഗ്രഹിച്ചിരുന്നില്ല. എന്തെങ്കിലും സാധനങ്ങൾ കടയിൽനിന്ന് വാങ്ങാനുണ്ടെങ്കിൽ ഞങ്ങൾ വണ്ടിയിൽ കൊണ്ടുവന്നുതരാമെന്ന് പലതവണ അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ടെങ്കിലും തണുപ്പ് കാലത്തുപോലും അദ്ദേഹം നടന്നുപോവുമായിരുന്നു. മാത്രമല്ല അവസാന നാളുകളിൽ നടക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിൽപോലും തണുപ്പിലും അദ്ദേഹം നടന്നുപോവുന്നതായി കണ്ടിട്ടുണ്ട്. ആർക്കും ഭാരമാവാൻ ഇഷ്ടപ്പെട്ടിരുന്നില്ല. ഉള്ളതിൽ തൃപ്തിപ്പെടുന്ന വ്യക്തിയായിരുന്നു.

ഹാഫിള് അബ്ദുൽ വഹീദ് ഭട്ടി സാഹിബ് പറയുന്നു: ഹസൻ ആബ്ദീൻ സാഹിബിന്റെ

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)



tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM


**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

വ്യക്തിത്വം എനിക്കെപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാം യദ്ഊന ലക്ക സ്വുലഹാഹുൽഅറബി വ അബ്ദാലുശ്ശാമി എന്നതിന്റെ പുലർച്ചയായിട്ടാണ് അനുഭവപ്പെട്ടിരുന്നത്. അദ്ദേഹത്തെ ആലിംഗനം ചെയ്യുമ്പോൾ അദ്ദേഹം ഞാൻ നിങ്ങളെ സ്നേഹിക്കുന്നുവെന്നും നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാട്ടുകാരനാണെന്നും പറയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരാമർശം വരുമ്പോൾ അനിയന്ത്രിതമായി കൂടെക്കൂടെ അലയ്ഹിസ്സലാത്തുവസ്സലാം എന്ന് ആവർത്തിക്കുമായിരുന്നു. മാത്രമല്ല നിറകണ്ണുകളുമായി ഇങ്ങനെയും പറഞ്ഞിരുന്നു: എല്ലാ ഭാഗത്തും പുക പരന്നിരിക്കുകയാണ്. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ആണ് യഥാർഥ ഇസ്ലാമിനെ പരിചയപ്പെടുത്തിയത്. ഖിലാഫത്തിനോട് അനിതരസാധാരണമായ സ്നേഹമുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ.

അടുത്ത അനുസ്മരണം ഉഥ്മാൻ ഹുസയ്ൻ മുഹമ്മദ് ഖയ്ർ സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം 60-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം സൗദ്യ അറേബ്യയിലാണ് താമസിച്ചിരുന്നത്. 2007-ൽ അവിടെ എം.ടി.എ മുഖേന ജമാഅത്തിനെ പരിചയപ്പെടുകയും ബയ്അത്ത് ചെയ്യുകയുമുണ്ടായി. സുഡാൻ നിവാസിയുമായിരുന്നു. പിന്നീട് സുഡാനിലേക്ക് തിരിച്ചുവരികയും വീട്ടിൽ ഡിഷ് വെക്കുകയും തന്റെ കുടുംബത്തിനും സഹോദരീസഹോദരന്മാർക്കും തബ്ലീഗ് ചെയ്യാൻ തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബത്തിലെ മറ്റുള്ളവരും അതായത് മൂന്ന് സഹോദരന്മാരും ഒരു സഹോദരിയും ഭാര്യയും മക്കളും അഹ്മദികളായി. ആദ്യം അദ്ദേഹത്തിന് ബയ്അത്ത് സ്വീകരിച്ചതിനെ സംബന്ധിച്ച് മറുപടി കിട്ടാതായപ്പോൾസഹോദരീ സഹോദരന്മാരോടൊപ്പം വീണ്ടും ബയ്അത്ത് ചെയ്തുകൊണ്ടുള്ള കത്തയച്ചു. അതിനുള്ള മറുപടി കിട്ടിയപ്പോഴാണ് തൃപ്തിയായത്. സുഡാനിൽ അദ്ദേഹത്തിന്റെ വീടുതന്നെയായിരുന്നു ജമാഅത്തിന്റെ സെന്റർ. അവിടെ ജുമുഅയും എം.ടി.എ കാണുന്നതും തഫ്സീർ കബീറിന്റെ ദർസുകളും നടന്നിരുന്നു. ജമാഅത്തിനുവേണ്ടി ചെലവഴിക്കുന്നതിൽ വലിയ ശാഠ്യം കാണിച്ചിരുന്നു. അഹ്മദികൾ വരുമ്പോൾ വലിയ സന്തോഷമായിരുന്നു. ഒരിക്കലും അദ്ദേഹം ഒരാവശ്യത്തിനുവേണ്ടിയും ജമാഅത്തിനോട് ചെലവ് ആവശ്യപ്പെട്ടില്ല. സ്വന്തം കൈയിൽനിന്ന് ചെലവഴിച്ചിരുന്നു. ജമാഅത്തിൽ ഒരു സ്ഥാനവും സ്വീകരിച്ചതുമില്ല. ഇന്ന ജോലി അല്ലെങ്കിൽ സ്ഥാനം താങ്കൾ വഹിക്കണമെന്ന് പറഞ്ഞാൽ അത് യുവാക്കൾക്ക് കൊടുക്കുക. അവർ നന്നായി പഠിക്കട്ടെ എന്ന് പറയുമായിരുന്നു. മർഹൂമിന്റെ ഭാര്യാമക്കളും അദ്ദേഹത്തെപോലെതന്നെ സേവനം ചെയ്യുന്നവരാണ്. ഒരു മകൾ ഡോക്ടറാണ്. മകൻ ഫൈനാൻസ് വിഭാഗത്തിൽ ഡ്യൂട്ടി ചെയ്യുന്നു. ഇതുവരേയും അദ്ദേഹത്തിന്റെ വീടാണ് (ജമാഅത്തിന്റെ) കേന്ദ്രമായിരുന്നത്. പക്ഷേ, ഇപ്പോൾ നാട്ടിലെ ആഭ്യന്തര കലഹത്തിനുശേഷം വിവിധ നാടുകളിലേക്ക് ഇവർ പോയി. അവരുടെ ബന്ധങ്ങളും മുറിഞ്ഞിട്ടുണ്ട്. ഞാൻ നേരത്തേയും പറഞ്ഞതുപോലെ അവരുടെ അവസ്ഥകൾ നന്നാകുന്നതിനും വീണ്ടും ജമാഅത്തായി ഒന്നിച്ചുകൂടാൻ കഴിയുന്നതിനും ദുആ ചെയ്യുക. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ രണ്ട് ആൺമക്കളും പെൺമക്കളുമുണ്ട്.

അടുത്തത് മുഹമ്മദ് സുഹ്റാവി സാഹിബ് അൾജീരിയയുടേതാണ്. കഴിഞ്ഞ ദിവസം 48-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. സ്വദ്ർ ജമാഅത്ത് എഴുതുന്നു: മർഹൂം കാൻസർ രോഗിയായിരുന്നു. ജമാഅത്തിനോട് നല്ല സ്നേഹം വെച്ചുപുലർത്തിയിരുന്നു. അതിഥി സൽക്കാരപ്രിയനും ഖിലാഫത്തിന്റെ അനുസാരിയുമായിരുന്നു. സൈന്യത്തിലായിരുന്നു ജോലി. സുഹൃത്തുക്കൾ വീട്ടിൽ വരുന്നതിൽ വളരെ സന്തോഷവാനായിരുന്നു. ദാരിദ്ര്യമായിരുന്നെങ്കിലും നല്ലപോലെ അതിഥി സൽക്കാരം ചെയ്തിരുന്നു. കോടതി വ്യവഹാരങ്ങളിലും അകപ്പെട്ടിരുന്നു. അദ്ദേഹത്തോടു ജഡ്ജി നിങ്ങൾക്കെങ്ങനെയാണ് ഒരു ഇന്ത്യക്കാരനെ പിന്തുടരാൻ കഴിയുക എന്ന് ചോദിച്ചപ്പോൾ അദ്ദേഹം ഒരു അൾജീരിയക്കാരൻ എന്തിനാണ് ഒരു ഇന്ത്യക്കാരനെ ഭയപ്പെടുന്നതെന്ന് തിരിച്ച് ചോദിക്കുകയുണ്ടായി. ഹദ്റത്ത് ഇമാം മഹ്ദി(അ)യെ നിന്ദ്യനായി മനസ്സിലാക്കുന്നുവെങ്കിൽ അദ്ദേഹത്തെ ഇത്രമാത്രം ഭയപ്പെടേണ്ട കാര്യമെന്താണ്? ഇതാണ് ഇന്നത്തെ മുല്ലാക്കളുടേയും അവസ്ഥ. അവർക്ക് ഭയമില്ലെങ്കിൽ പിന്നെന്തുകൊണ്ടാണ് നമ്മുടെ കാര്യങ്ങൾ നമുക്ക് തുറന്നുപറയാൻ നമുക്ക് അനുമതി നൽകാത്തത്? തബ്ലീഗിൽ എന്തിനാണ് തടസമുണ്ടാക്കുന്നത്? അവർക്ക് ഭയമാണ്. നമ്മുടെ കാര്യങ്ങളെല്ലാം സത്യമായതുകൊണ്ട് ജനങ്ങൾ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ജമാഅത്തിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നും മേൽ കളവും തെറ്റായ കാര്യങ്ങളും ആരോപിക്കുന്നു.

ഖിലാഫത്തുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തെപ്പറ്റി എഴുതുന്നു:അൽജീരിയായിൽ ചാരിറ്റി എന്ന നിലയിൽ രജിസ്റ്റർ ചെയ്യാൻ ഞാൻ പറയുകയുണ്ടായി. പലരും അങ്ങനെ ചെയ്യണ്ട എന്ന ചിന്താഗതിക്കാരായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: കാലത്തിന്റെ ഖലീഫയുടെ കല്പന വന്നിരിക്കുന്നു. ഇനി തർക്കങ്ങളെല്ലാം ഒഴിവാക്കുകയും പണിയെടുക്കുകയും ചെയ്യുക. തുടർന്ന് ജമാഅത്ത് സ്വദ്റിനോട് പറഞ്ഞു. ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്. നിങ്ങൾ മുന്നോട്ട് ഗമിക്കുവിൻ.

അടുത്ത അനുസ്മരണം റബ്വയിലെ അബ്ദുൽ ഹയ് വഡായിച്ച് സാഹിബിന്റെ മകൻ സയീദ് അഹ്മദ് വഡായിച്ച് സാഹിബിന്റേതാണ്. ഇദ്ദേഹവും കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ പ്രപിതാമഹൻ മുഖേനയാണ് ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്തെത്തിയത്. നല്ലാറത്ത് ഉമൂറെ ആമയുടെ റിപ്പോർട്ടിൽ പറയുന്നു: ഇദ്ദേഹത്തിനുമേൽ കേസുകളുമുണ്ടായിരുന്നു. പ്രവാചകനിന്ദയുടെ അടിസ്ഥാനരഹിതമായ ആരോപണങ്ങളായിരുന്നു ചുമത്തിയിരുന്നത്. അങ്ങനെ അറസ്റ്റ് ചെയ്യുകയും കേസ് നടത്തുകയും ആദരപൂർവ്വം ജയിൽ മോചിതനാകുകയും ചെയ്തു. മൂന്ന് വർഷവും രണ്ട് മാസവും കൽത്തുറുങ്കിൽ കഴിയാനുള്ള ഭാഗ്യവും ലഭിച്ചിരുന്നു. പക്ഷേ, ജയിൽ മോചിതനായ ശേഷവും കൊടിയ ശത്രുത കാരണം വീട്ടിലേക്ക് പോകാൻ കഴിഞ്ഞില്ല. പിന്നെ റബ്വയിലേക്ക് താമസം മാറ്റുകയുണ്ടായി.

അടുത്തത് ശഹ്ബാസ് ഗോന്ദൽ സാഹിബിന്റെ അനുസ്മരണമാണ്. ഇദ്ദേഹം റബ്വയിലെ അഹ്മദ് ഖാൻ ഗോന്ദൽ സാഹിബിന്റെ മകനായിരുന്നു. ഇപ്പോൾ ഹോളണ്ടിലായിരുന്നു. ഹോളണ്ടിൽത്തന്നെ കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാമഹൻ, ഖുശി മുഹമ്മദ് സാഹിബ് ഓഫ് നവാബ് ശാഹ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. ഇദ്ദേഹം രണ്ടാം ഖിലാഫത്ത് കാലത്താണ് ബയ്അത്ത് ചെയ്തത്.

പരേതന് 1992-ൽ അസീരാനെ രാഹെ മൗലാ(ദൈവമാർഗത്തിലെ തടവുകാരൻ) ആകാനുള്ള സൗഭാഗ്യം ലഭിച്ചിരുന്നു. വീട്ടിൽനിന്നാണ് അറസ്റ്റ് ചെയ്തത്. പ്രവാചകനിന്ദയുടേയും തബ്ലീഗിന്റേയും അടിസ്ഥാനരഹിതമായ ആരോപണമാണ് ചുമത്തപ്പെട്ടത്. പത്ത് വർഷത്തോളം കേസ് തുടർന്നുപോയി. രണ്ടുമൂന്ന് മാസം ജയിലിൽ കഴിഞ്ഞു. പിന്നീട് ജാമ്യം ലഭിച്ചു. കേസ് പത്ത് വർഷം തുടരുകയുണ്ടായി. അഞ്ചുനേര നമസ്കാരത്തിലും തഹജ്ജുദിലും കൃത്യനിഷ്ഠ പുലർത്തിയിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ മുൻപന്തിയിലുണ്ടായിരുന്നു. എന്തുജോലി ഏൽപിച്ചാലും സന്തോഷപൂർവ്വം നിർവഹിച്ചിരുന്നു. അല്ലാഹു പരേതനോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഇവരുടെയെല്ലാം ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്. (വിവർത്തനം: മൗലവി എച്ച്. ശംസദ്ദീൻ കാവശ്ശേരി എച്ച്.എ)

### ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

## • ഹദീഥുന്നബ്വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

**ത്വാലിബെ ദുആ:**
**RAHMAN SHAKEErR& FAMILY**
**AHMADIYYA JAMA'ATH KARULAI, KERALA**

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

**ത്വാലിബെ ദുആ:**
**C.K.MUHAMMED SHAREEF &FAMILY**
**AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA**

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം: നീതിമാനായ വിധികർത്താവ് എന്ന നിലയിൽ

**ലഈഖ് അഹ്മദ് ഡാർ, മുറബ്ബിയെ സിൽസില, നള്വാറത്ത് ഉൽയ, ഖാദിയാൻ**

അല്ലാഹുവിന്റെ പ്രവാചകന്മാർ ലോകത്ത് വരുമ്പോഴെല്ലാം അവർക്ക് ശക്തമായ എതിർപ്പു നേരിടേണ്ടി വരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്. അവർ കാലഘട്ടത്തിന്റെ സമ്പ്രദായത്തിനു വിരുദ്ധമായി വേറിട്ടൊരു വാദമുന്നയിച്ചു എന്നതിനാലാണ് അവരെ ലോകം എതിർക്കുന്നത്. പൊതുവെ ജനങ്ങളിൽ നിലനിന്നുവരുന്ന അഭിപ്രായങ്ങൾക്കെതിരെ അവർ തങ്ങളുടെ വാദം പ്രഖ്യാപിക്കുന്നു. പിന്നീട് പതുക്കെപ്പതുക്കെ പൊതുജനങ്ങളിൽനിന്നുള്ള സൗഭാഗ്യരായ ആളുകളിൽ അവരുടെ സത്യം വ്യക്തമാകുന്നു. അങ്ങനെ അവർക്ക് ഈമാനിന്റെ സമ്പത്ത് കരസ്ഥമാകുന്നു. അല്ലാഹുവിൽനിന്ന് വരുന്നവരുടെ സത്യത സൂര്യപ്രകാശംപോലെ വെളിപ്പെടുന്നു. അവരുടെ ശത്രുക്കളെ സംബന്ധിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:യാ ഹസ്റത്തൻ അലൽ ഇബാദ് മാ യഅ്ത്തീഹിം മ്മിൻ ർറസൂലിൻ ഇല്ലാ കാനൂ ബിഹീ യസ്തഹ്സിഊൻ(36:31)മനുഷ്യർക്ക് അഹോ കഷ്ടം!അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെയടുക്കൽ വരുന്നില്ല.

ദൈവികസംഘങ്ങളുടെ വിജയത്തെ സംബന്ധിച്ച് മറുഭാഗത്ത് പറയുന്നു: കത്തബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ ഇന്നല്ലാഹ ഖവിയ്യുൻ അസീസ് ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു.(58:22)

നബി(സ)തിരുമേനി മുസ്‌ലിം സമുദായത്തിനുണ്ടാകുന്ന അവസ്ഥകളെ സംബന്ധിച്ച് മുന്നറിയിപ്പു നൽകുകയുണ്ടായി. അവസാന കാലത്ത് ആഗതനാകുന്ന ഒരു ദൈവനിയോഗിതനെ സംബന്ധിച്ച് പ്രവചനങ്ങളും ചെയ്തു. ഇസ്‌ലാമിന്റെ ഒരു സേവകൻ വെളിപ്പെടുന്നതായിരിക്കും. സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മസീഹും മഹ്ദിയും നീതിമാനായ വിധികർത്താവും നബിയെന്ന് സംബോധന ചെയ്യപ്പെടുന്ന ആളുമായിരിക്കും. അർശിൽനിന്ന് അങ്ങേയറ്റം ബഹുമതിയോടെ അദ്ദേഹം വിളിക്കപ്പെടുന്നതായിരിക്കും. അദ്ദേഹത്തിന് എന്റെ സലാം പറയണം. അദ്ദേഹത്തിന് ബയ്അത്തു ചെയ്യുകയും വേണം. അദ്ദേഹത്തെ എതിർക്കുന്നതിൽ അരയും തലയും മുറുക്കി ഇറങ്ങരുതെന്നായിരുന്നു ഉദ്ദേശ്യം. പ്രത്യുത അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേരേണ്ടതാണ്.

കൃത്യസമയത്തും കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചും ആ ദിവ്യനായ രാജാവ് വന്നു. താൻ മസീഹ് മൗഊദ് ആണെന്നും മഹ്ദിയെ മഅ്ഹൂദാണെന്നും നീതിമാനായ വിധികർത്താവാണെന്നും നബിയാണെന്നും വാദിച്ചു. അതോടെ പൊടുന്നനെ അദ്ദേഹത്തെ എതിർക്കാൻ തുടങ്ങി. ആ രീതി ആവർത്തിക്കേണ്ടതുതന്നെയായിരുന്നു. കാരണം മുമ്പേതന്നെ പ്രവചനത്തിൽ അദ്ദേഹത്തിനെതിർപ്പുണ്ടാകുമെന്ന് പറയപ്പെട്ടിരുന്നതാണ്.

ഹദീഥുകളിൽ വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദ്, പ്രത്യേകമായ നിലയിൽ ദീനീപരമായ എല്ലാ കാര്യങ്ങളിലും നീതിമാനായ വിധികർത്താവായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. അങ്ങനെ ആ നിതീമാനായ വിധികർത്താവ് വന്നു. വിവിധങ്ങളായ എല്ലാ കാര്യങ്ങളിലും അദ്ദേഹം തന്റെ വിധി കേൾപ്പിച്ചു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അംഗീകരിച്ചവർ അദ്ദേഹത്തിന്റെ സംഘം എന്നു പറയപ്പെട്ടു. ബാക്കിയുള്ളവർ അനശ്വരമായ നഷ്ടത്തിൽ പോകുകയും ചെയ്തു.

ചില സുപ്രധാനമായ കാര്യങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)വിധിപറഞ്ഞ കാര്യങ്ങൾ ഹ്രസ്വമായ നിലയിൽ ഇവിടെ രേഖപ്പെടുത്തുകയാണ്.

**ഹദ്റത്ത് ഈസാ(അ)യുടെ മരണം.**

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)പറയുന്നു:ഹദ്റത്ത് മസീഹ്(അ)ന്റെ അഞ്ചാമത്തെ തെറ്റ് കുരിശു സംഭവത്തെ സംബന്ധിച്ചായിരുന്നു. അതിൽ മുസ്‌ലിമീങ്ങളും യഹൂദികളും ക്രിസ്ത്യാനികളുമെല്ലാം അകപ്പെട്ടിരുന്നു. യഹൂദികൾ ഹദ്റത്ത് മസീഹിനു പകരം വേറെയാളെയാണ് കുരിശിൽ തറച്ചതെന്നും അദ്ദേഹത്തെ അല്ലാഹു ആകാശത്തേക്ക് സ്ഥൂലശരീരത്തോടെ പൊക്കിയെടുത്തുവെന്നും മുസ്‌ലിമീങ്ങൾ പറഞ്ഞു. യഹൂദികളും ക്രിസ്ത്യാനികളും പറഞ്ഞിരുന്നത് ഹദ്റത്ത് ഈസായെത്തന്നെയാണ് കുരിശിൽ തറച്ച് കൊന്നതെന്നാണ്. മുസ്‌ലിമീങ്ങളുടെ ചിന്താഗതിയെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇങ്ങനെ ഖണ്ഡിച്ചു:

ഹദ്റത്ത് മസീഹിനു പകരം മറ്റൊരാളെ കുരിശിൽ തറയ്ക്കുക എന്നത് അങ്ങേയറ്റം അക്രമമായിരുന്നു. ആ വ്യക്തിയുടെ ഇഷ്ടമനുസരിച്ചാണ് കുരിശിൽ തറയ്ക്കപ്പെട്ടതെങ്കിൽ അതിനുള്ള തെളിവ് ചരിത്രത്തിലുണ്ടാവേണ്ടതാണ്. ഇനി ഹദ്റത്ത് മസീഹിനെ അല്ലാഹു ആകാശത്തിൽ എടുക്കണമായിരുന്നെങ്കിൽ ഏതെങ്കിലും പാപത്തെ കുരിശിൽ തറയ്ക്കേണ്ട ആവശ്യമെന്തായിരുന്നു? അതുകൊണ്ട് മസീഹിന്റെ സ്ഥാനത്ത് വേറൊരാളെ കുരിശിൽ തറച്ചുവെന്നതും അദ്ദേഹത്തെ ആകാശത്തിൽ പൊക്കിയെടുത്തുവെന്നതും തികച്ചും തെറ്റാണ്. മറുഭാഗത്ത് മസീഹ് കുരിശിൽ മരിച്ചുപോയെന്ന യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും വാദത്തേയും അവിടന്ന് ഖണ്ഡിക്കുകയുണ്ടായി. അതുപോലെതന്നെ ഹദ്റത്ത് മസീഹിനെ കുരിശിൽനിന്ന് ജീവനോടെയാണ് ഇറക്കിയതെന്നും അങ്ങനെ അല്ലാഹു ശാപമരണത്തിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചുവെന്നും അവിടന്ന് സ്ഥാപിക്കുകയും ചെയ്തു.

ഇനി നോക്കുക!19 നൂറ്റാണ്ടുകൾക്കുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ സംഭവത്തിന്റെ യഥാർഥ അവസ്ഥ അന്വേഷിച്ചറിയുക എന്നത് എത്ര വലിയ ജോലിയാണ്. പ്രത്യേകിച്ചും ഹദ്റത്ത് മസീഹിനെ കുരിശിൽനിന്ന് ജീവനോടെ ഇറക്കി എന്നതിനുള്ള തെളിവ് അവിടന്ന് ബൈബിളിൽനിന്ന് തന്നെനല്കിയതായാണ് നമ്മൾ കാണുന്നത്. ഉദാഹരണത്തിന് ഹദ്റത്ത് മസീഹിനോടു ഒരിക്കൽ അക്കാലത്തെ പണ്ഡിതന്മാർ അടയാളം ചോദിച്ചപ്പോൾ അദ്ദേഹം അവർക്ക് മറുപടി നല്കി: ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന്നു അടയാളം ലഭിക്കുകയില്ല. യോന കടലാനയുടെ വയറ്റിൽ മൂന്നുരാവും മൂന്നുപകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നുരാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിലിരിക്കും.(മത്തായി 12:39-40)

തൗറാത്തിൽനിന്ന് സ്ഥാപിതമാകുന്നത് ഹദ്റത്ത് യൂനുസ്(അ)മൂന്നു ദിവസംവരെ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെ ഇരുന്നുവെന്നും ജീവനോടെ പുറത്തുവന്നുവെന്നുമാണ്. അതുകൊണ്ട് നസ്റേത്തുകാരനായ ഹദ്റത്ത് ഈസാമസീഹും കുരിശു സംഭവത്തിന്റെ അവസരത്തിൽ ജീവനോടെ ഖബ്റിൽ പ്രവേശിപ്പിക്കപ്പെടേണ്ടതും ജീവനോടെ പുറത്തു വരേണ്ടതും നിർബന്ധമായിരുന്നു. അതിനാൽ ഹദ്റത്ത് ഈസാ മസീഹ്(അ)കുരിശിൽ മരിച്ചിരുന്നുവെന്ന വിചാരം ബൈബിളിന്റെ അധ്യാപനത്തിന് ഘടക വിരുദ്ധമാണ്. അതുമുഖേന മസീഹിനെ നിർബന്ധമായും നിഷേധിക്കേണ്ടിവരുന്നു. ക്രിസ്ത്യാനികൾക്കെതിരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ആയുധം എത്ര വലുതാണെന്നാൽ അവിടത്തെ ജോലിയുടെ മഹത്വം സ്ഥാപിക്കുന്നതിന് അതു മാത്രം മതിയായതാണ്. എന്നാൽ, അവിടന്ന് അവിടെ മതിയാക്കിയില്ല. പ്രത്യുത ഹദ്റത്ത് ഈസാമസീഹ് അഥവാ യേശുക്രിസ്തു കുരിശു സംഭവത്തിനുശേഷം കശ്മീരിൽവന്നുവെന്നും അവിടെ വന്ന് മരിച്ചുവെന്നും അവിടന്ന് ചരിത്രത്തിൽനിന്ന് സ്ഥാപിച്ചു കാണിച്ചു. അതായത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മറഞ്ഞിരുന്ന എല്ലാ കാര്യങ്ങളും വെളിച്ചത്തുകൊണ്ടുവന്നു.(ഹദ്റത്ത് മസീഹ് മൗഊദ്(അ)കെ കാർണാമെ, അൻവാറുൽ ഉലൂം വാല്യം 10, പേജ് 170-171)

**ഖതമുന്നുബുവ്വത്ത്**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)പറയുന്നു:പിന്നീട് പ്രവാചകത്വത്തിന്റെ കാര്യത്തിലും അഭിപ്രായഭിന്നത ഉണ്ടായിരുന്നു. എല്ലാ തരത്തിലുള്ള പ്രവാചകത്വവും നബി(സ)തിരുമേനിയിൽ അവസാനിച്ചിരിക്കുന്നു. ഇനി ഒരാളും, അയാൾ നബി(സ)തിരുമേനിയുടെതന്നെ അനുഗ്രഹം പറ്റിയ ആളും അദ്ദേഹത്തിന്റെതന്നെ ശരീഅത്തിന്റെ സേവകനായാലും ശരി, നബിയാകുകയില്ല. അവിടന്ന് ഖാത്തമുന്നബിയ്യീൻ എന്നതിന്റെ അർഥം മനസ്സിലാക്കപ്പെട്ടിരിക്കുന്ന അർഥമല്ലെന്ന് തെളിവുകളോടുകൂടി സ്ഥാപിച്ചുകാണിച്ചു. പ്രവാചകത്വത്തിന്റെ പരമ്പര അവസാനിച്ചുവെന്നതിന്റെ ഉദ്ദേശ്യം ഇനി ഒരു തരത്തിലുള്ള നബിയും വരികയില്ല. കാരണം നബി(സ)തിരുമേനിക്കുശേഷം ശരീഅത്തുള്ള പ്രവാചകത്വത്തിന്റെ കവാടമാണ് അടയ്ക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, ശരീഅത്തില്ലാത്ത പ്രവാചകത്വത്തിന്റേയും ഛായാപരമായ നുബുവ്വത്തിന്റേയും കവാടം ഒരിക്കലും അടയ്ക്കപ്പെട്ടിട്ടില്ല. ഇനി നുബുവ്വത്തിന്റെ എല്ലാ ശാഖയും അടയ്ക്കപ്പെടുകയും മുറിഞ്ഞുപോയിരിക്കുന്നതായി മനസ്സിലാക്കപ്പെടുകയും ചെയ്താൽ അതിന്റെ അർഥം നഊദുബില്ലാഹ് നബി(സ)തിരുമേനിയുടെ അസ്തിത്വം മുഹമ്മദിയ്യ സമുദായത്തിൽനിന്ന് ഒരു മഹത്തായ കാരുണ്യവും ദൈവികമായ ഇനാമും തട്ടിപ്പറിച്ചെടുക്കുന്നതിന് നിമിത്തമായി എന്നാണ്. ചുരുക്കത്തിൽ അവിടന്ന് പ്രസംഗവും എഴുത്തും മുഖേന ഈ പ്രശ്നത്തിന്റെ വ്യർഥത സ്ഥാപിക്കുകയുണ്ടായി.(ഏക് ഗലത്വീ കാ ഇസാല, തുഹ്ഫ ഗോൽഡവിയ്യ, നുസൂലുൽ മസീഹ്, ഹഖീഖത്തുൽ വഹ്‌യ് തുടങ്ങിയ ഹദ്റത്ത് മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങൾ നോക്കുക).(തബ്‌ലീഗെ ഹിദായ പേജ് 108-109)

**ഖുർആനിന്റേയും ഹദീഥിന്റേയും സ്ഥാനവും പദവിയും**

ഖമറുൽഅമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പറയുന്നു:പിന്നീട് ഖുർആന്റേയും ഹദീഥിന്റേയും സ്ഥാനത്തെ സംബന്ധിച്ച് അതായത് അവയിലേതാണ് മറ്റതിന്റെമേൽ വിധി കർത്താവ് എന്നതിനെ സംബന്ധിച്ചുള്ള ചിന്താഗതികളുടെ പ്രകടനമുണ്ടായി, അതു കേട്ടാൽ ഒരു മുസ്‌ലിമിന്റെ ശരീരം വിറയ്ക്കാൻ തുടങ്ങും. മുസ്‌ലിമീങ്ങളിലെ ഒരു

കക്ഷി ഖുർആനെ പിൻപുറം തള്ളിക്കളഞ്ഞു. ഹദീഥിന്റെ മുമ്പിൽ ഒരു ബിംബമെന്നപോലെ വീണു. അവിടന്ന് ഈ മസ്അലകളിൽ സൂക്ഷ്മമായ ചർച്ചകൾ ചെയ്തു. ഒരു ഭാഗത്ത് സുന്നത്തിനെ ഹദീഥിൽനിന്ന് വേർപെടുത്തി സ്ഥാപിച്ചു. മറുഭാഗത്ത് ഖുർആനിന്റേയും സുന്നത്തിന്റേയും ഹദീഥിന്റേയും വെവ്വേറെ സ്ഥാനം തെളിവുകളോടും പ്രമാണങ്ങളോടും കൂടി നിർണയിച്ചു.(അൽഹഖുലുധിയാന, റിവ്യൂപർ മുബാഹഥ, ചക്കടാലവി, കശ്തിയെ നൂഹ് തുടങ്ങിയ ഹദ്റത്ത് മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങൾ നോക്കുക)(തബ്ലീഗെ ഹിദായ, പേജ് 110)

ഖുർആനിന്റേയും ഹദീഥിന്റേയും സ്ഥാനം ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)പറയുന്നു:ജനങ്ങൾക്കുണ്ടായ 13-ാമത്തെ തെറ്റ് വിശുദ്ധ ഖുർആൻ, ഹദീഥിന്റെ താഴെയാണെന്ന് അവർ മനസ്സിലാക്കിയതാണ്. എത്രത്തോളമെന്നാൽ, ഹദീഥുകൾക്ക് ഖുർആനിക വചനങ്ങളെ കാലഹരണപ്പെടുത്താൻ കഴിയും എന്നുവരെ പറഞ്ഞിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ തെറ്റിനെ എങ്ങനെയാണ് അകറ്റിയതെന്നാൽ, അവിടന്ന് പറഞ്ഞു:വിശുദ്ധ ഖുർആൻ വിധികർത്താവാണ്. ഹദീഥുകൾ അതിനു വിധേയമാണ്. വിശുദ്ധ ഖുർആൻ അനുസരിച്ചുള്ള ഹദീഥു മാത്രമെ നാം അംഗീകരിക്കുകയുള്ളൂ. ഇല്ലെങ്കിൽ നിഷേധിക്കുന്നതായിരിക്കും. ഇപ്രകാരംതന്നെ പ്രകൃതി നിയമത്തിന് വിധേയമായിട്ടുള്ള ഹദീഥു മാത്രമേ സ്വീകാരാർഹമാകുകയുള്ളൂ. കാരണം അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ കർമവും വിരുദ്ധമാകുകയില്ല.(ഹദ്റത്ത് മസീഹ് മൗഊദ്(അ)കെ കാർണാമെ, അൻവാറുൽഉലൂം, വാല്യം 10, പേജ് 159-160)

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ ജർമൻപര്യടനം(ജൂൺ 2014)

**വിവ: മൗലവി അമീൻ മുഹമ്മദ്, മാത്ര**

**ബദ്ർ വാല്യം 9, ലക്കം 16, പേജ് 12, കോളം 3-ൽനിന്ന് തുടർച്ച......)**

ഹുദൂർ അൻവർ:അല്ലാഹുവിന്റെ ഗുണനാമങ്ങളിൽ ചിലത് ഈ കുട്ടികൾക്ക് മനസ്സിലാകുക സാധ്യമല്ല. ജർമൻ ഭാഷയിൽ പറഞ്ഞിരുന്നെങ്കിൽ കൂടുതൽ മനസ്സിലാകുമായിരുന്നു. ഉർദു പഠിപ്പിക്കണമെങ്കിൽ ചെറിയ ചെറിയ കാര്യങ്ങൾ പഠിപ്പിക്കുക. ബുദ്ധിമുട്ടുള്ള കാര്യങ്ങൾ ജർമൻ ഭാഷയിൽത്തന്നെ അവരെ പഠിപ്പിക്കുക.

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ലിഖിത ശകലം അസീസം മഹ്മൂദ് അദീബ് സമർപ്പിച്ചു:

ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ്(അ)പറഞ്ഞു: നിങ്ങൾ എന്റെയടുത്ത് വരിക! ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ അലീം-സർവ്വവും അറിയുന്നവനാണ്. ഞാൻ മനുഷ്യനായതുകൊണ്ട് സമ്പൂർണജ്ഞാനം എനിക്കില്ല. പക്ഷേ, ഇക്കാര്യം ഇങ്ങനെ വെളിപ്പെടുമെന്ന് അല്ലാഹു എന്നോടു പറയുന്നു. എന്നിട്ട് ആയിരക്കണക്കിന് മറകൾക്കു പിന്നിൽ മറഞ്ഞിരുന്നാലും അവസാനം അക്കാര്യം അല്ലാഹു പറഞ്ഞതുപോലെ വെളിപ്പെടുന്നു. വരുക അത് പരീക്ഷിച്ചറിയുക.

ഞാൻ നിങ്ങളോടു പറയുന്നു ദൈവമുണ്ട്. അവൻ ഖദീർ-സർവശക്തനാണ്. ഞാൻ മനുഷ്യനായതുകൊണ്ട് സമ്പൂർണമായ ശക്തിപ്രഭാവം എനിക്കില്ല. പക്ഷേ, അല്ലാഹു എന്നോടു പറയുന്നു: ഞാൻ ഇന്ന ജോലി ഇന്ന ഇന്ന രീതിയിൽ ചെയ്യുന്നതാണ്. ആ ജോലി മനുഷ്യന്റെ കഴിവുകൊണ്ട് അങ്ങനെയങ്ങ് ചെയ്യാൻ സാധ്യമല്ല. അതിന്റെ വഴിയിൽ ആയിരക്കണക്കിന് തടസ്സമുണ്ട്. എന്നിട്ടും ആ പ്രവൃത്തി അല്ലാഹു പറഞ്ഞതുപോലെ പൂർത്തിയാകുന്നു. വരുക അത് പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. അവൻ സമീഅ്-സകലതും കേൾക്കുന്നവനാണ്. തന്റെ ദാസരുടെ പ്രാർഥനകൾ സ്വീകരിക്കുന്നു. പ്രത്യക്ഷത്തിൽ ഒരിക്കലും സാധ്യമാകാത്ത പ്രവൃത്തികളെക്കുറിച്ച് ഞാൻ അല്ലാഹുവിനോട് ചോദിക്കുന്നു. എന്നാൽ, അല്ലാഹു എന്റെ പ്രാർഥന സ്വീകരിച്ച് ആ പ്രവൃത്തികളെല്ലാം പൂർത്തിയാക്കിതരുന്നു. വരുക! അതും പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ നസീർ- സഹായിയാണ്. അവന്റെ ഇഷ്ടദാസർ വിപത്തുകളാലും ശത്രുതയുടെ അഗ്നിയാലും വലയം ചെയ്യപ്പെടുമ്പോൾ അവൻ തന്റെ സഹായത്താൽ സ്വയം അവർക്ക് രക്ഷപ്പെടാനുള്ള വഴിയൊരുക്കുന്നു. വരുക! അതും പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ ഖാലിഖ്- സ്രഷ്ടാവാണ്. ഞാൻ മനുഷ്യനായതുകൊണ്ട് എനിക്ക് സൃഷ്ടിക്കാനുള്ള കഴിവില്ല. എന്നാൽ അവൻ എന്നിലൂടെ സ്രഷ്ടത്വത്തിന്റെ തിളക്കം വെളിപ്പെടുത്തുന്നു. അവൻ മൂലകങ്ങളും സാധനസാമഗ്രികളും ഒന്നുംകൂടാതെ എന്റെ കുപ്പായത്തിൽ തന്റെ മഷിയുടെ തുള്ളികൾ കുടയുകയുണ്ടായി. വരുക! അതും പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ മുതകല്ലിം- സംസാരിക്കുന്നവനാണ്. തന്റെ ഇഷ്ടദാസരോട് സ്നേഹത്തോടും അനുകമ്പയോടും സംസാരിക്കുന്നു; അവൻ എന്നോടു പെരുമാറിയതുപോലെ. വരുക! അതും പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ റബ്ബുൽ ആലമീൻ-സർവലോക പരിപാലകനാണ്. ഒന്നും അവന്റെ പരിപാലനത്തിന് പുറത്തില്ല. കാരണം അവൻ ഏതെങ്കിലും വസ്തുവിന്റെ പരിപാലനം ഉപേക്ഷിച്ചാൽ അതൊരിക്കലും നിലനില്ക്കുകയില്ല. വരുക, അതും പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ മാലിക്- സകലതിന്റേയും ഉടമസ്ഥനാണ്. കാരണം സൃഷ്ടികളിലൊന്നിനും അവന്റെ കല്പനയെ ലംഘിക്കാൻ സാധ്യമല്ല. ഏതു വസ്തുവിന്റെ മേലും ഏതു നിയന്ത്രണവും നടത്താൻ അവന് കഴിയും.

നിങ്ങൾ എന്റെയടുത്ത് വരുക. ഞാൻ നിങ്ങൾക്ക് ആകാശങ്ങളിൽ അവന്റെ നിയന്ത്രണങ്ങൾ കാണിച്ചുതരാം.

ഞാൻ നിങ്ങൾക്ക് ഭൂമിയിൽ അവന്റെ നിയന്ത്രണങ്ങൾ കാണിച്ചുതരാം.

ഞാൻ നിങ്ങൾക്ക് വായുവിൽ അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.

ഞാൻ നിങ്ങൾക്ക് വെള്ളത്തിൽ അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.

ഞാൻ നിങ്ങൾക്ക് പർവ്വതങ്ങളിൽ അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.

ഞാൻ നിങ്ങൾക്ക് ജനതകളുടെമേൽ അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.

ഞാൻ നിങ്ങൾക്ക് ഭരണകൂടങ്ങളുടെമേൽ അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.

ഞാൻ നിങ്ങൾക്ക് ഹൃദയങ്ങളിൽ അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.

വരിക! പരീക്ഷിച്ചറിയുക.(നമ്മുടെ ദൈവം പേജ്:250)

അസീസം കാശിഫ് ഇഖ്ബാൽ കർണാനന്ദകരമായ ഈണത്തിൽ ഹദ്റത്ത് മുബാറകാ ബീഗം സാഹിബ(റ)രചിച്ച കവിത ആലപിച്ചു:

മുജെ ദേക്ക് ത്വാലിബെ മുൻതളിർ മുജെ ദേക്ക് ശക്‌ലേ മജാസ് മേം

ജോ ഖുലൂസെ ദിൽ കീ രമഖ് ഭീ ഹെ, തെരേ ഇദ്ദആയെ നിയാസ് മെ

(അന്വേഷിക്കുന്നവനേ! എന്നെ നോക്ക്, ആലങ്കാരികരൂപത്തിൽ എന്നെ നോക്ക്. അത് ആത്മാർഥമായ മനസ്സിന്റെ ഇടങ്കണ്ണിട്ട നോട്ടവുമാണ്. നിന്റെ വീരവാദത്തിന്റെ സ്നേഹപ്രകടനത്തിൽ എന്നെ നോക്ക്)

എന്ന് തുടങ്ങുന്ന കവിതയാണ് ആലപിച്ചത്.

ഈ ക്ലാസിൽ പങ്കെടുത്ത വാഖ്ഫീനെ നൗ കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള എണ്ണം ഹുദൂർചോദിച്ചു.

വഖ്ഫെ നൗ സെക്രട്ടറി:മുഴുവൻ ജർമനിയിൽ നിന്നും 12-നും 15-നുമിടയിൽ പ്രായമുള്ള ഏകദേശം 300 വാഖ്ഫീനെ നൗ കുട്ടികൾ ഈ ക്ലാസിൽ ഹാജരായിട്ടുണ്ട്.

ഹുദൂർ കുട്ടികളോട്: ജാമിഅയിൽ പോകാനാഗഹിക്കുന്നവർ കൈപൊക്കുക.

വളരെയധികം കുട്ടികൾ കൈയ്യുയർത്തി ജാമിഅയിൽ പോകുന്നതിനുള്ള അവരുടെ ഉറച്ച തീരുമാനം പ്രകടിപ്പിച്ചു.

ഹുദൂർ: ഈ ക്ലാസിലുള്ളവർ മുഴുവനും പോയാൽ ജാമിഅക്കാർക്ക് മറ്റൊരു ബ്ലോക്ക് തുറക്കേണ്ടതായിവരും. മാശാ അല്ലാഹ്! നല്ല കാര്യമാണ്. ഈ ഉറച്ച തീരുമാനത്തെ നിലനിറുത്തുക. ഇനി സെക്കണ്ടറി സ്കൂളോ ജിംനേഷ്യത്തിനുശേഷം അബിട്ടർ ചെയ്തു കഴിയുമ്പോൾ തീരുമാനം മാറി എന്ന് പറയരുത്. മറ്റൊരു ഫീൽഡിലേക്ക് പോകാൻ തീരുമാനിച്ചുവെന്നും പറയരുത്. അതുകൊണ്ട് എല്ലാവരും വഖ്ഫു ചെയ്യുക, തുടർന്ന് ജാമിഅയിൽ പോവുക. വഖ്ഫിന്റെ ഉദ്ദേശ്യം ജർമനി വിട്ട് മറ്റൊരു സ്ഥലത്ത് പോകേണ്ടി വന്നാൽ അതിനും തയ്യാറായിരിക്കുക എന്നാണ്.

വിദ്യാർഥികൾ ഒരൊറ്റ ശബ്ദത്തിൽ പറഞ്ഞു:"ഏതു സ്ഥലത്തും പോകാനും ഞങ്ങൾ തയ്യാറാണ്.

ഒരു വാഖിഫെ നൗ:റിയൽ ശൂഊ(ഇത് പത്താം ക്ലാസിന് തുല്യമാണ്)ചെയ്തതിനുശേഷം ഞങ്ങൾക്ക് ജാമിഅയിൽ പ്രവേശനം കിട്ടുമോ?

ഹുദൂർ:പത്താം ക്ലാസ് പാസായി കഴിഞ്ഞാൽ ജാമിഅ വെച്ചിട്ടുള്ള നിലവാരം നിങ്ങൾ പൂർത്തിയാക്കുക. നിങ്ങളുടെ ഉർദു ഭാഷ ശരിയാണോ? വിശുദ്ധ ഖുർആൻ ഓതാനറിയുമോ? അറബി അറിയുമോ? നമസ്കരിക്കാൻ അറിയുമോ? അതിന്റെ അർഥം അറിയുമോ? ജാമിഅ ടെസ്റ്റ് പാസ്സാകുകയാണെങ്കിൽ പ്രശ്നമില്ല. എന്നാൽ, ഇവിടുത്തുകാർക്ക് ജർമൻ ഭാഷയും അറിയണം. അബിട്ടറും മറ്റും കഴിഞ്ഞതിനുശേഷം ജർമൻ ഭാഷ നല്ലവണ്ണം അറിയേണ്ടതാണ്. അതുകൊണ്ട് ജാമിഅക്കാർ അബിട്ടറിന് പ്രാമുഖ്യം കൊടുക്കുന്നു. പഠനത്തിൽ നല്ലതാണെങ്കിൽ മറ്റു ഭാഷകളും പഠിപ്പിക്കാവുന്നതാണ്. കൈയ്യുയർത്തിയവരെയെല്ലാം ജർമനിക്കുതന്നെ മുബല്ലിഗായി നല്കണമെന്നില്ല. മറ്റു രാജ്യങ്ങളിലും പോകേണ്ടതാണ്.

**(തുടരും)**

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 25 April 2024 Issue-17

**MANAGER**
**Sheik Mujahid**

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

**(പേജ് 1 ൽനിന്ന്)**

ബന്ധം വെക്കുകയില്ല. തുർക്കികൾ ബാഗ്ദാദിനുമേൽ ആക്രമണം നടത്തിയപ്പോൾ പത്തൊമ്പതു ലക്ഷം ആളുകളെ അവർ വധിച്ചിരുന്നു. അത്തരം നാശത്തിന്റേയും നഷ്ടത്തിന്റേയും നേരത്ത് കുറച്ചാളുകൾ ഒരു പുണ്യാത്മാവിന്റെ അടുക്കൽ പോയി. അവർ പറഞ്ഞു: അല്ലാഹു മുസ്‌ലിമീങ്ങളെ ഈ നാശത്തിൽനിന്ന് രക്ഷിക്കുന്നതിന് അങ്ങ് ദുആ ചെയ്താലും. അദ്ദേഹം പറഞ്ഞു:ഞാനെന്തു ദുആയാണ് ചെയ്യേണ്ടത്? ഞാൻ കൈയ്യുയർത്തുമ്പോഴെല്ലാം ആകാശത്തുനിന്ന് മലക്കുകളുടെ ഈ ശബ്ദമാണ് എനിക്ക് കേൾക്കാൻ കഴിയുന്നത്, അയ്യുഹൽ കുഫ്ഫാറു ഉഖ്ത്തുലുൽ ഫുജ്ജാറ അല്ലയോ അവിശ്വാസികളേ, ഈ മുസ്‌ലിം കുറ്റവാളികളെ കൂടുതൽ വധിക്കുക. വാസ്തവത്തിൽ ബാഹ്യമായി നോക്കുമ്പോൾ വധിക്കപ്പെട്ടുകൊണ്ടിരുന്നവരിൽ ഒരു വിഭാഗം അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നവരായിരുന്നു. രണ്ടാമത്തെ കക്ഷിയാണെങ്കിൽ ദീനുമായി ഒരു ബന്ധവും വെക്കാത്തവരും! എന്നാൽ, മുസ്‌ലിമാണെന്ന് പറയുന്നവർ മതത്തെ വെറും പേരിനുവേണ്ടിയാണ് സ്വീകരിച്ചിരുന്നത്. തങ്ങളുടെ മനസ്സുകളിൽ അവരൊരു മാറ്റവും ഉണ്ടാക്കിയിരുന്നില്ല. അതുകൊണ്ടാണ് അവരുടെമേൽ ശിക്ഷ വന്നത്. അതുകൊണ്ട് മനുഷ്യനെപ്പോഴും തന്റെ ഈമാനിനെ സംബന്ധിച്ച് വിലയിരുത്തിക്കൊണ്ടിരിക്കേണ്ടതാണ്. തനിക്ക് അല്ലാഹുവുമായി എങ്ങനെയുള്ള ബന്ധമാണുള്ളതെന്ന് നോക്കിക്കൊണ്ടിരിക്കുക. പ്രയാസത്തിന്റേയും ആശ്വാസത്തിന്റേയും രണ്ടവസ്ഥയിലും കൂറോടുകൂടി താൻ ചെയ്ത പ്രതിജ്ഞയിൽ ഉറച്ചുനില്ക്കുന്നുണ്ടോ ഇല്ലേയെന്ന്! ഉപഹാരത്തിന്റെ നേരത്ത് അല്ലാഹുവിനെ സ്തുതിക്കുകയും നാശത്തിന്റെ നേരത്ത് അല്ലേലും ആദ്യം എന്നോടു എന്തുനന്മയാണ് അല്ലാഹു ചെയ്തിട്ടുള്ളതെന്ന് ചോദിക്കാൻ തുടങ്ങുകയും ചെയ്യുന്നു. ഈ നാശവും കൂടി അയച്ചപ്പോൾ വ്യക്തമായും അറിയാൻ കഴിഞ്ഞു, അവന്റെ വിശ്വാസം വെറും വഞ്ചനയായിരുന്നുവെന്ന്! സമ്പൂർണ ഈമാനുള്ളവൻ എന്നു പറയുന്നത് എല്ലാ പരീക്ഷണത്തിന്റേയും നാശത്തിന്റേയും നേരത്ത് ഉറച്ചിരിക്കുന്നവനാണ്. എന്നല്ല നാശങ്ങൾ വരുമ്പോൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കൂടുതൽ കുനിയുകയും തന്റെയുള്ളിൽ ആദ്യത്തേതിനെക്കാൾ കുടുതൽ വിനയവും എളിമയും ഉണ്ടാക്കുകയും ചെയ്യുന്നു. ഇക്കാര്യമാണ് ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നു:ഏതവസ്ഥയിലും നിങ്ങൾ അല്ലാഹുവുമായിട്ടുള്ള ബന്ധം ദൃഢഗാഢമാക്കിവെക്കേണ്ടതാണ്. ഒരു നാശത്തിലും അവനുമായിട്ടുള്ള ബന്ധം മുറിച്ചുകളയാൻ പാടില്ല. ഹദീഥുകളിൽ വന്നിരിക്കുന്നു, ഒരിക്കൽ ഒരു കാട്ടറബി നബി(സ)തിരുമേനിക്കു ബയ്അത്തു ചെയ്തു. ഇസ്‌ലാമിൽ പ്രവേശിച്ചു. കുറച്ചു ദിവസങ്ങൾക്കുശേഷം അയാൾക്ക് പനിവന്നു. അപ്പോൾ അയാൾ നബി(സ)തിരുമേനിയുടെ അടുത്തുവന്ന്, താൻതന്റെ ബയ്അത്ത് തിരിച്ചെടുക്കുകയാണെന്ന് പറഞ്ഞു. കാരണം തനിക്ക് പനി വരാൻ തുടങ്ങിയിരിക്കുന്നു. എന്നാൽ, ഇതിന്നെതിരിൽ വേറെ ആളുകളുമുണ്ടായിരുന്നു. അവർ തങ്ങളുടെ ജീവൻ ബലി കഴിച്ചു. പക്ഷേ, നബി(സ)തിരുമേനിയോടുചെയ്ത പ്രതിജ്ഞയ്ക്ക് പോറലേൽക്കാൻ വിട്ടില്ല. യാഥാർഥ്യമിതാണ്, സത്യമായ ബന്ധവും ആത്മാർഥതയും മനുഷ്യന് എന്തെങ്കിലും പരീക്ഷണമുണ്ടാകുമ്പോഴാണ് മനസ്സിലാകുന്നത്. സൗഖ്യത്തിന്റേയും സന്തോഷത്തിന്റേയും അവസ്ഥയിൽ ദുർബലവിശ്വാസിപോലും വലിയ മതവിശ്വാസവും അടുപ്പവും പ്രകിടിപ്പിക്കാറുണ്ട്.(തഫ്സീറെ കബീർ വാല്യം 6, പേജ് 17, പ്രസാധനം 2010 ഖാദിയാൻ)

## സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ സ്ഥാപനത്തിൽ സേവനം ചെയ്യാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കുക.
## സെക്കന്റ് ഗ്രേഡ് ഒഴിവിലേക്കുള്ള നിബന്ധനകൾ

(1) ഉദ്യോഗാർഥിയുടെ പ്രായം 25 വയസ്സിന് മുകളിലും 18വയസ്സിന് താഴെയുമായിരിക്കരുത്(2)ഉദ്യോഗാർഥിയുടെ യോഗ്യത പ്ലസ് ടൂവിൽ 45% മാർക്കുണ്ടായിരിക്കണം.(3)ഉദ്യോഗാർഥി ഉർദു-ഇംഗ്ലീഷ് കമ്പോസിംഗ് അറിഞ്ഞിരിക്കണം. ഒരു മിനുറ്റിൽ 25 വാക്കുകൾ ടൈപ്പു ചെയ്യേണ്ടതാണ്.(4) ഈ വിളംബരത്തിനുശേഷം 2 മാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ പരിഗണിക്കപ്പെടുകയുള്ളു. (5)പരീക്ഷയ്ക്കുള്ള സിലബസ്സ് താഴെ ചേർക്കുന്നു: എല്ലാ ഭാഗങ്ങൾക്കും ഉത്തരം എഴുതേണ്ടത് നിർബന്ധമാണ്. ഭാഗം 1. വിശുദ്ധ ഖുർആൻ മുഴുവൻ ഓതാൻ അറിയണം. ആദ്യത്തെ ജുസു തർജമയോടെ. * 40 ഹദീഥുകൾ, ഇസ്‌ലാം കാര്യങ്ങൾ, നമസ്കാരും മുഴുവൻ തർജമയോടെ.(30 മാർക്ക്) ഭാഗം 2. പുസ്തകം: കശ്തിയെ നൂഹ്, ബർക്കാത്തുദ്ദുആ, ദീനീ മഅ്ലൂമാത്ത്. * അഹ്മദിയ്യ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ കുറിച്ച് പ്രബന്ധം, * പദ്യം ദുർറെഥമീനിൽനിന്ന് (ശാനെ ഇസ്‌ലാം)(20 മാർക്ക്)ഭാഗം 3.ഇംഗ്ലീഷ് പരിജ്ഞാനം. +2 നിലവാരം.(20 മാർക്ക്)ഭാഗം 4. മെട്രിക് നിലവാരത്തിലുള്ള ഗണിതം.(ഓഫീസ് സംബന്ധമായുള്ള ചോദ്യങ്ങൾ)(20 മാർക്ക്)ഭാഗം 5. പൊതുവിജ്ഞാനം(GK)(10 മാർക്ക്)

(6)എഴുത്തുപരീക്ഷയിൽ പാസാകന്നവർക്കു മാത്രമെ ഇന്റർവ്യു ഉണ്ടാകുകയുള്ളു. (7) എഴുത്തുപരീക്ഷ, കമ്പ്യൂട്ടർ ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയിൽ പാസാകുന്നവർ ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക.(8)തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. പിന്നീട് താമസസൗകര്യത്തിനുവേണ്ടിയുള്ള അപേക്ഷകളിൽ ഒരു നടപടിയും ഉണ്ടാകുന്നതല്ല.(9)യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

(നോട്ട്:എഴുത്തുപരീക്ഷ ഇന്റർവ്യൂ എന്നവയുടെ തിയതികൾ ഉദ്യോഗാർഥികളെ പിന്നീട് അറിയിക്കുന്നതാണ്)

കൂടുതൽ വിവരത്തിനു ബന്ധപ്പെടുക:
NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143 516
Mob:09682627592, 09682587713, Office:01872501130
Email:diwan@qadian.in

## ദാറുസ്സ്വനാഅത്ത് ഖാദിയാൻ
(Ahmadiyya Vocational Training Centre)

2024-2025 വർഷത്തേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ അനുവാദത്തോടെ 2010-ലാണ് ദാറുസ്സ്വനാഅത്ത് ഖാദിയാൻ ആരംഭിക്കുന്നത്. അഹ്മദി വിദ്യാർഥികൾക്ക് ടെക്നിക്കൽ കോഴ്സ് പഠിപ്പിച്ച് നിത്യവൃത്തിക്കുള്ള അവസരമുണ്ടാക്കുക എന്നതാണ് ഇതിന്റെ മുഖ്യോദ്ദേശ്യം. ദാറുസ്സ്വനാഅത്ത് ഖാദിയാൻ സർക്കാർസ്ഥാപനമായ NSIC DELHI യിലും ISO യിലും രജിസ്ട്രേഡാണ്. ഇതിൽ ഒരുവർഷത്തെ താഴെ പറയുന്ന കോഴ്സുകളാണ് പഠിപ്പിക്കുന്നത്:

Motor Vehicle-, Welding, Eletrician , Plumbing, Computer Applications, Diesel Mechanic, AC&Refrigerator.

ഖാദിയാന് വെളിയിൽനിന്നുവരുന്ന അഹ്മദി വിദ്യാർഥികൾക്ക് ഹോസ്റ്റൽ/മെസ്സ് സൗകര്യമുണ്ട്. താമസത്തിനും ഭക്ഷണത്തിനും ഒരു ഫീസുമില്ല. കോഴ്സിന്റെ ബോർഡ് ഫീസ് മാത്രം ലളിതമായ ഗഡുവായിട്ടാണ് വാങ്ങുന്നത്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാതെ വന്ന യുവാക്കളും അല്ലെങ്കിൽ 8-നും 10-നും ശേഷം ടെക്നിക്കൽ കോഴ്സ് പഠിക്കാൻ താൽപര്യമുള്ളവരും പ്രവേശനത്തിന് എത്രയും വേഗം ബന്ധപ്പെടുക. അഹ്മദി കുട്ടികളുടെ ദീനീപരമായ വിദ്യഭ്യാസത്തിനും സൗകര്യമുണ്ട്. ഇതിനുപുറമെ നിത്യവും English Speaking ക്ലാസ്സും Personality Development ക്ലാസ്സും എടുക്കുന്നുണ്ട്. 2024-2025 ലേക്കുള്ള പുതിയ പ്രവേശനം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ക്ലാസ്സ് ജൂലായ് 16 മുതൽ തുടങ്ങുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് താഴെകാണുന്ന ഈമെയിൽ ഐ.ഡിയിൽ ബന്ധപ്പെടാവുന്നതാണ്:

darulsanaat qadian @gmail.com,
80775 46198
98727 25895

(പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാൻ)

AL ISLAM

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin